# അദ്ധ്യായം 12

# ഐക്യതയും ആത്മിയ വരങ്ങളും

കൊരിന്ത്യ സഭയും പൗലൊസും തമ്മീൽ സംഘർഷമുമുണ്ടായ അദ്ധ്യായം 11 ലെ, രണ്ട് വിഷയങ്ങൾ ആയിരുന്നു, തല മൂടുന്നതും, സാമൂഹ്യ ഭക്ഷണം കഴിക്കുന്നതും. രണ്ട് പ്രശ്നങ്ങളും, "വിഗ്രഹാർപ്പിത കാര്യങ്ങള്ളും," (8:1), സഭ കൂടി വരുമ്പോഴത്തെ സംഭവങ്ങളായിരുന്നു.[1] ക്രിസ്ത്യാനികൾ മാറി നിൽക്കേണ്ടതും, റോമാക്കകാരുടെ ദേവന്മാരെ ആരാധിക്കുന്ന ആചാരവുമായിരുന്നു തല മൂടുന്നത്. സഭ ഭിന്നതയോടുകൂടെ സാമൂഹ്യ ഭക്ഷഅം കഴിക്കുമ്പോൾ അവർ മറക്കുന്നത് പൊതുവായ മനോഭാവവും പങ്കിടലുമാണ്. കർത്തൃമേശയിൽ പാലിക്കേണ്ട തത്വമാണ് ക്രിസ്ത്യാനികളോട് ആജ്ഞാപിച്ചിരിക്കുന്നത്. അദ്ധ്യായം 8 മുതൽ 10 വരെയുള്ള ഭാഗങ്ങളിൽ തുടരുന്ന വിഷയങ്ങളുടെ തുടർച്ചയാണ് അദ്ധ്യായം 11 ലുള്ളത് അവൻ ആമുഖമായി ചർച്ച ചെയ്യുന്നതും ഉൾപ്പെടുന്നു. അദ്ധ്യായം 12 ൽ ആത്മിയ വരങ്ങളെയും ചർച്ച ചെയ്യുന്നു.

കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ ആരാധനക്ക് കൂടി വരുമ്പോൾ, അനേ്യാന്യം എങ്ങനെ പെരുമാറണം എന്നറിയുവാൻ അവർക്ക് കൂടുതൽ വിവരങ്ങൾ ആവശ്യമായിരുന്നു. സഭായോഗത്തിൽ, അവർ ആത്മിയ വരങ്ങൾ എങ്ങനെ ഉപയോഗിക്കണം എന്നു അവർ പഠിക്കുവാനാണ് പൗലൊ 1സ് പറഞ്ഞത്. 12 മുതൽ 14 വരെയുള്ള അദ്ധ്യായങ്ങളിൽ "ആത്മിയ വരങ്ങളെ കുറിച്ച്" എന്നു പറഞ്ഞുകൊണ്ടാണ് പഠനം ആരംഭിക്കുന്നത് (12:1).

### "ആത്മാവിനാൽ സംസാരിക്കൽ" (12:1-3)

**1സഹോദരന്മാരേ, ആത്മിക വരങ്ങളെ കുറിച്ച് നിങ്ങൾക്ക് അറിവില്ലാതി തിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു. 2നിങ്ങൾ ജാതികൾ ആയിരുന്നപ്പോൾ, നിങ്ങളെ നടത്തിയിരുന്നതുപോലെ, ഊമ വിഗ്രഹങ്ങളുടെ അടുക്കൽ പോക പതിവായിരുന്നു. എന്നു നിങ്ങൾ അറിയുന്നുവല്ലൊ. 3ആകയാൽ ദൈവാത്മാവിൽ സംസാരിക്കുന്നവൻ ആരും യേശു ശപിക്കപ്പെട്ടവൻ എന്നു പറകയില്ല. പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവ് എന്നു പറവാൻ ആർക്കും കഴിയുകയില്ല എന്നു ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കുന്നു.**

**വാക്യം 1.** സംഗതികളെ കുറിച്ച് എന്നു പൗലൊസ് വ്യക്തമാക്കിയത്, കൊരിന്ത്യയിലെ സഹോദരങ്ങൾ പൗലൊസിനോട് എഴുതി ചോദിച്ച ചോദ്യങ്ങൾക്ക് അവൻ മറുപടി പറയുകയാണ്. 7:1 ൽ പൗലൊസ് പറഞ്ഞു, "നിങ്ങൾ എഴുതി അയച്ച സംഗതികളെ കുറിച്ച്, സ്ത്രീയെ തൊടാതിരിക്കുന്നത് മനുഷ്യന്ന് നന്ന്." 8:1 ൽ അപ്പൊസ്തലൻ പറഞ്ഞു, "വിഗ്രഹാർപ്പിതങ്ങളുടെ കാര്യം പറഞ്ഞാലോ ..." എന്നും അവൻ പറഞ്ഞു.

ക്രിസ്ത്യാനി-ആകുന്നതിനു മുൻപും ക്രിസ്ത്യാനിയായ ശേഷവുമുള്ള പരിശീലനങ്ങളെ വേർപെടുത്തേണ്ടത് ആവശ്യമാണെന്ന് പൗലൊസ് അവരെ ബോധ്യമാക്കി. സഭയിലെ ചിലർ അമാനുഷ വരങ്ങൾ അല്ലെങ്കിൽ **ആത്മിയവരങ്ങൾ** പരിശുദ്ധാത്മാവിനാൽ പരിശീലിച്ചിരുന്നു, ആരംഭക്രിസ്ത്യാനികൾക്ക് നൽകപ്പെട്ട ഈ വരങ്ങൾ, വിഗ്രഹാർപ്പിതത്തിനു സമാന്തരമെന്ന് തോന്നിയേക്കാം. ഉദാഹരണമായി, രോഗശാന്തിക്കാരുടെ പല വിവരണങ്ങൾ പുരാതന ലോകത്ത് നിന്നു കൈമാറി കിട്ടിയരുന്നു. അതിനു പറമെ, അപ്പോളോ ദേവനെ അനുഗമിച്ചിരുന്നവർ, “പ്രവചനം” നിർവ്വചിച്ചിരുന്നില്ല. അവ യിസ്രായേൽ പ്രവാചകന്മാരുടേതു പോലെ ആയിരുന്നില്ല, അല്ലെങ്കിൽ ആരംഭ ക്രിസ്തീയ കാലഘട്ടത്തിലേതുപോലെയുമായിരുന്നില്ല.

മതപരമായ ആളുകൾക്ക്, അമാനുഷ വരങ്ങൾ, ഒരാൾക്ക് ലഭിച്ചാൽ ആ വ്യക്തിക്കു പ്രത്യേക ബന്ധം അവരുടെ ദൈവത്തിൽനിന്നു ലഭിച്ചതാണെന്ന് അവർ കരുതിയിരുന്നു. എല്ലാവരും അത്തരം ചിന്താഗതിയെ തള്ളിക്കളഞ്ഞിരുന്നു. ഈ ക്രിസ്ത്യാനികൾക്ക്, ക്രിസ്തുവിൽ ജീവിക്കുമ്പോൾ അവ പാലിക്കണമായിരുന്നു. അവ ആത്മികയാണ് അല്ലാതെ അമാനുഷത്വത്തെ പ്രദർശിപ്പിക്കയല്ല ചെയ്യുന്നത്. അതേ സമയം, പ്രത്യേക കഴിവുകളെ അപ്പൊസ്തലൻ കാണാതിരുന്നില്ല. എല്ലാ സഹോദരന്മാരും, ബോധ്യപ്പെടുത്തുവാൻ ആഗ്രഹിച്ചത്, വിഗ്രഹാർപ്പിതരുടെ പരിശീലനത്തിൽനിന്നു ക്രിസ്തീയ പരിശീലനത്തെ വേർതിരിച്ച് മനസിലാക്കുവാനായിരുന്നു. അവയുടെ ഉദ്ദേശവും സാന്നിധ്യവും ക്രിസ്ത്യാനികൾക്ക്, പ്രത്യേക സ്വഭാവത്തിലുള്ളതായിരുന്നു.

ദ അഡ്ജക്ടിവ് πνευματικῶν (*ന്യമാറ്റിക്*, “ആത്മികം”) അത് നിഷ്പക്ഷമായിരിക്കാം, അതിൽ ഉപയോഗിച്ച വാക്കിൽ, 12:1 നന്നായി തർജിമ ചെയ്തിരിക്കുന്നത് “ആത്മിയ കാര്യങ്ങൾ” അല്ലെങ്കിൽ “ആത്മിയ വരങ്ങൾ” എന്നതാണ്. നേരെ മറിച്ച്, അത് പുല്ലിംഗം ആകാം, അങ്ങനെ വരുമ്പോൾ, അത് “ആത്മിയ ആളുകൾ” എന്ന് അർത്ഥമായിരിക്കും. തുടരുന്ന ചർച്ചയനുസരിച്ച്, പൗലൊസിന്റെ മനസിൽ, കൊരിന്ത്യയിലെ ചിലർക്ക് ലഭിച്ചത് പരിശുദ്ധാത്മാവിൽ നിന്നാണെന്ന് വ്യക്തം (12:8 നോക്കുക). അക്കാരണത്താൽ, എൻഏഎസ്ബി തർജിമക്കാരുടെ തീരുമാനം, “വരങ്ങൾ” എന്നത് ചരിച്ച് എഴുതിയിരിക്കുന്നത് ശരിയാണ്. സ്വാഭാവികമായി, ദൈവം വിവിധ ആളുകൾക്ക് താലന്തുകൾ അഥവാ കഴിവുകൾ നൽകിയത് ദൈവമാണെന്ന് പൗലൊസ് പറയുമ്പോൾ, പൗലൊസ് സംസാരിക്കുന്നത് അത്ഭുത വരങ്ങളെ കുറിച്ചാണ്.

**വാക്യം 2**. പൗലൊസ് പറഞ്ഞു, നിങ്ങൾ ജാതികൾ ആയിരുന്നപോൾ, നിങ്ങൾ വിഗ്രഹങ്ങളെ സേവിച്ചിരുന്നു. “ജാതികൾ” എന്നത് ലഭിച്ച ഗ്രീക്ക് ἔθνη വാക്ക് (*എത്മ* “ജനങ്ങൾ”) അതിൽ നിഷേധ പ്രസ്താവനയില്ല; എന്നാൽ സുവിശേഷ വിവരണങ്ങളിൽ, അത് പൊതുവിൽ യെഹൂദന്മാർക്ക് എതിരായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. അത്തരം സന്ദർഭങ്ങളിൽ, ആ വാക്ക് വ്യത്യസ്ത അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. “ആളുകൾ” “ജാതികൾ” ആയിരുന്നു, അതായത്, യെഹൂദരല്ലാത്തവർ വിഗ്രഹാരാധകരായിരുന്നു. എന്നു പറയുന്നു. അവർ ദൈവത്തേയോ അവൻെറ നിയമത്തെയോ അറിയാത്തവരായിരുന്നു. യിസ്രായേൽ ദേശത്തുള്ളവർ ദൈവജനം ആയിരുന്നു എന്നു ക്രിസ്ത്യാനികൾ മനസിലാക്കിയിരുന്നു (ഉദാഹരണമായി, റോമ. 2:29 നോക്കുക), എന്നാൽ ആ ഗ്രീക്ക് വാക്ക് എത്നെ ക്ക് പുതിയ അർത്ഥം നൽകി. ഇംഗ്ളീഷ് സംസാരിക്കുന്നവർ അക്രൈസ്തവർ “ജാതികളാണ്.” “ജാതികൾ”

അല്ല. പക്ഷെ ഗ്രീക്ക് വാക്ക് ഒന്നു തന്നെയാണ്. 12:2 ൽ, പൗലൊസ് സംസാരിക്കുന്നത്, തന്റെ ചില വായനക്കാർ, മുൻപ് അവർ ഊമ വിഗ്രഹങ്ങളുടെ അടുക്കൾ പോക പതിവായിരുന്നു എന്ന് ഓർമ്മിപ്പിച്ചു.

കഴിഞ്ഞ നാല് അദ്ധ്യായങ്ങളിൽ പൗലൊസ് ചർച്ച ചെയ്ത വിഷയം വിഗ്രഹാർപ്പിതം ആയിരുന്നു, എന്നാൽ 12:2 ലെ ഈ വാക്കുകൾ ആ വിഷയത്തിൽനിന്നു മാറി സഭായോഗത്തിൽ ആരാധനക്കിടയിൽ ക്രിസ്ത്യാനികളുടെ പെരുമാറ്റം എങ്ങനെയായിരിക്കണം എന്നു പറയുന്നു. പൗലൊസ് ശ്രദ്ധിക്കുന്നത്, വിഗ്രഹങ്ങളെ ദൈവമെന്ന് കരുതി ആരാധിക്കുന്നതും, സത്യദൈവത്തെ ആരാധിക്കുന്നതും തമ്മിലുള്ള പ്രകടമായ വ്യത്യാസത്തെയാണ്. ആ സത്യദൈവമാണ്, യേശുക്രിസ്തുവിന്റെ പിതാവായ ദൈവം. യെഹൂദ ചരിത്രവും തിരുവെഴുത്തും യെഹൂദനായിരുന്ന പൗലൊസിന് വളരെ പ്രാധാന്യമുള്ള ഒന്നായിരുന്നു (യെശ. 44:9–11 നോക്കുക; യിരെ. 10:1–5; സങ്കീ. 115:3–8).

കഴിഞ്ഞ കാലത്ത്, കൊരിന്ത്യയിലെ ചിലർ "ഊമ വിഗ്രഹങ്ങളെ സേവിച്ചിരുന്നു എങ്കിലും അവ ജീവനില്ലാത്തവവയായിരുന്നു. ക്രിസ്ത്യാനികൾ ആസ്വദിച്ച ആത്മിക വരങ്ങൾ, വിഗ്രഹാർപ്പിത പരീശീലകന്മാരുടേതുമായി തെറ്റിദ്ധരിക്കരുത്. പ്രവചനം, രോഗശാന്തി, അന്യഭാഷാ സംസാരം അമാനുഷ സമാനത അന്യദേവന്മാരുടെ ചടങ്ങുകളിൽ കണ്ടേക്കാം. എന്നാൽ ക്രിസ്ത്യാനികൾ അന്ന് പരിശീലിച്ചത് അടിസ്ഥാനപരമായി വ്യത്യാസമുള്ള കാര്യങ്ങളായിരുന്നു.

**വാക്യം 3**. പൗലൊസ് സഹോദരന്മാരെ **അറിയിക്കുവാൻ** ആഗ്രഹിച്ചതു നോക്കിയാൽ ആദ്യം ഒരു മർമ്മം ആയി തോന്നിയേക്കാം. അത് ആർക്കും ഊഹിക്കാൻ കഴിയാത്തതാണ്. **ആത്മാവിനാൽ സംസാരിക്കുന്ന** ആർക്കും "Ἀνάθεμα Ἰησοῦ" (*അവോതെമാ ലെസൗസ്*) "യേശു ശപിക്കപ്പെട്ടവൻ എന്നു പറയുവാൻ കഴിയുകയില്ല." അങ്ങനെ ആരും ഇല്ല എങ്കിൽ പൗലൊസ് അങ്ങനെ പറയുവാനുള്ള സാഹചര്യമില്ലല്ലൊ. "ദൈവാത്മാവിനാൽ" എന്ന് അവകാശപ്പെട്ട് ചിലർ "**യേശു ശപിക്കപ്പെട്ടവൻ**" എന്നു പറയുവാനുള്ള കാരണം എന്ത്? ഇതിനുള്ള ഒരു മർമ്മം പൗലൊസ് വിശദമാക്കാതിരുന്നത് എന്തുകൊണ്ടാണ്?

"ദൈവാത്മാവിനാൽ സംസാരിക്കുന്ന" എല്ലാവരേയും ഉൾപ്പെടുത്തിയായിരിക്കയില്ല പൗലൊസ് ആ കാര്യം പറഞ്ഞത്. അന്യ ദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ ഇടയിൽ അന്യഭാഷാ-സംസാരവും, പ്രവചനവും നടന്നിരുന്നതുകൊണ്ടാകാം പൗലൊസ് ആ അഭിപ്രായം പറഞ്ഞത്. ഒറ്റ നോട്ടത്തിൽ അവ ദൈവത്തെ നമസ്ക്കരിക്കുന്നതിൽ നിന്നു വ്യത്യസ്തമായി തോന്നുകയില്ല. ഡയോനിസിനെയും സീബെലെയെയും ആരാധിച്ചിരുന്നവർ തീവ്ര വൈകാരികതക്ക് കുപ്രസിദ്ധി നേടിയവരായിരുന്നു. ചില ക്രിസ്ത്യാനികൾ (ഒരുപക്ഷെ യെഹൂദ ക്രിസ്ത്യാനികളാകാം) അന്യഭാഷാ-സംസാരം എതിർത്തിരിക്കാം, കാരണം ജാതികൾ അവരുടെ ആരാധനയിലും അത് ഉപയോഗിച്ചിരുന്നു. പൗലൊസ് അങ്ങനെ ഉദ്ദേശിച്ചാണ് അത് പറഞ്ഞതെങ്കിൽ, അവൻ ആത്മിയ വരങ്ങളെ പ്രതിരോധിക്കയാവാം ചെയ്തത്. അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർ ചെയ്തതിൽ നിന്നു വിഭിന്നമായി ക്രിസ്ത്യാനികൾ ആത്മിയ വരങ്ങളെ പ്രദർശിപ്പിച്ചത് വലിയ അർത്ഥവത്തായ രീതിയായിരുന്നു. ദൈവിക ശക്തി ക്രിസ്ത്യാനികളിൽ പ്രവർത്തിച്ചതിന്റെ ഫലം അതിൽ കാണാമായിരുന്നു. "പരിശുദ്ധാത്മവ് ഉള്ളവൻ" ആരും യേശു ശപിക്കപ്പെട്ടവൻ എന്നു പറയു

കയില്ല. പരിശുദ്ധാത്മാവിലല്ലാതെ "**യേശു കർത്താവ്**" എന്നു പറയുവാൻ സാധ്യമല്ല.

അപ്പൊസ്തലൻ അവസാനം പറഞ്ഞ പ്രസ്താവന തള്ളിക്കളയലിനെ പിന്തുണക്കുവാനായിരുന്നു. കർത്താവാണ് എന്ന് അവനെ ആത്മാവിനാൽ അല്ലാതെ ഏറ്റു പറയുവാൻ കഴിയാത്തതുപോലെ, യേശു ശപിക്കപ്പെട്ടവൻ എന്ന് ഭ്രാന്തന്മാർക്കല്ലാതെ പറയുവാൻ സാധ്യമില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ വിഡ്ഢികൾക്കു മാത്രമെ "യേശു ശപിക്കപ്പെട്ടവൻ" എന്നു പറയുവാന് കഴിയു. ആത്മാവിന്റെ സ്വാധീനം ലഭിച്ചവർ അല്ലാതെ, യേശുവിനെ കർത്താവ് എന്നു വിളിക്കുവാൻ സാധ്യമല്ല. അവൻ ആത്മാവിനാൽ നയിക്കപ്പെട്ടാലല്ലാതെ അത് സാധ്യമല്ല എന്നർത്ഥം. "യേശു കർത്താവ് ആകുന്നു" എന്നു ഏറ്റു പറയുന്നവരെല്ലാം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരാകുന്നു. കൊരിന്ത്യർ അന്യോന്യം പിന്തുണക്കുവാനുള്ള കാരണം അവർ പൊതുവായി യേശുവിനെ കർത്താവ് എന്നു ഏറ്റു പറഞ്ഞതാണ്. ഓരോരുത്തർക്ക് ലഭിച്ച വരങ്ങൾ അന്യോന്യം ഉത്തേജിപ്പിക്കുന്നതിനു പകരം, വരങ്ങൾ മറ്റുള്ളവയേക്കാൾ വലുതാണെന്ന് അവർ തെറ്റിദ്ധരിച്ചു. ശരീരത്തിന്റെ ഐക്യതക്ക് ഊന്നൽ കൊടുത്ത് അപ്പൊസ്തലൻ പറഞ്ഞു കഴിഞ്ഞു.

### "വിവിധങ്ങളായ വരങ്ങൾ" (12:4-11)

**4എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ട്, ആത്മാവ് ഒന്നത്രെ. 5ശു**
**ശ്രൂഷകളിൽ വ്യത്യാസം ഉണ്ട് കർത്താവ് ഒരുവൻ. 6വീര്യപ്രവൃത്തികളില്**
**വ്യത്യാസം ഉണ്ട് എങ്കിലും പലരിലും എല്ലാം പ്രവർത്തിക്കുന്നത് ഒരുവൻ**
**തന്നെ. 7എന്നാൽ ഓരോരുത്തന്ന് ആത്മാവിന്റെ പ്രകാശനം പൊതുപ്രയോജ**
**നത്തിനായി നൽകപ്പെടുന്നു. 8ഒരുവന്ന് ആത്മാവിനാൽ ജ്ഞാനത്തിന്റെ വചന**
**വും മറ്റൊരുത്തന് അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനവും**
**നൽകപ്പെടുന്നു. 9വേറൊരുത്തന് അതേ ആത്മാവിനാൽ വിശ്വാസം, മറ്റൊരു**
**വന്ന് അതേ ആത്മാവിനാൽ രോഗശാന്തികളുടെ വരം. 10മറ്റൊരുവന്ന് വീര്യ**
**പ്രവൃത്തികൾ, മറ്റൊരുവന്ന് പ്രവചനം, മറ്റൊരുവന്ന് ആത്മാക്കളുടെ വിവേ**
**ചനം. വേറൊരുവന്ന് പലവിധ ഭാഷകൾ, മറ്റൊരുവന്ന് ഭാഷകളുടെ വ്യാഖ്യാ**
**നം. എന്നാൽ ഇതെല്ലാം പ്രവർത്തിക്കുന്നത് താൻ ഇഛിക്കും പോലെ, അവ**
**നവന് അതതു വരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവ് തന്നെ. 11ശരീരം**
**ഒന്ന് അതിന് അവയവം പലതും സരീരത്തിന്റെ അവയവം പലതായിരിക്കെ**
**എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും.**

കൊരിന്ത്യർക്കുള്ള ലേഖനത്തിന്റെ ആദ്യഭാഗത്ത് പൗലൊസ് ഐക്യതക്ക് ഊന്നൽ കൊടുത്താണ് സംസാരിച്ചു തുടങ്ങിയത് (1:10; 3:3 നോക്കുക). ആ സഹോദരന്മാർ ഐക്യതയെ കുറിച്ച് ചോദിച്ചിരുന്നില്ല; അവർ ആത്മിയ വരങ്ങളെ കുറിച്ചും അവ എങ്ങനെ ഉപയോഗിക്കണമെന്നും, അവയുമായ ബന്ധം എങ്ങനെയായിരിക്കണമെന്നും അവർ ചോദിച്ചിരുന്നു. തനിക്കു മുൻപ് ജീവിച്ചിരുന്ന യേശുവിന്റെ അതേ ചിന്ത തന്നെയായിരുന്നു അപ്പൊസ്തലന്റേതും. (യോഹ. 17:20, 21). അവന് മുൻപ് ജീവിച്ചിരുന്ന ക്ലെമന്റ് ഓഫ് റോമിന്റേയും ചിന്ത അതായിരുന്നു (സി. ഏ. ഡി. 98).[2] നൂറ്റാണ്ടുകളായി അസംഖ്യം ആളുകളുടെ ചിന്ത അതായിരുന്നു. ആത്മിയ വരങ്ങളെ കുറിച്ചു പൗലൊസിനേ

ാട് എഴുതി ചോദിച്ച മറ്റുകാര്യങ്ങളും പൗലൊസ് കർത്താവിന്റെ സഭയുടെ പ്രാധാന്യം കണക്കിലെടുത്തു മറുപടി നൽകി.

**വാക്യം 4**. വാക്യം 1 ൽ അവൻ പ്രതിപാദിച്ച (*ന്യമാറ്റിക്കോൺ*) "ആത്മിയ വരങ്ങൾ" തന്നെയാണ് 12:4 എഴുതിയപ്പോൾ അപ്പൊസ്തലന്റെ മനസിലുള്ളത്, സ്പഷ്ടമായും, അത് **വരങ്ങൾ χαρίσματα** (*കരിസ്മാറ്റാ*). "വരം" എന്നത് പുതിയ നിയമത്തിൽ കൂടുതലും ഉപയോഗിച്ച ഗ്രീക്ക് വാക്ക് δῶρον (*ഡോഖോൺ*). ആ വാക്കിന്റെ മറ്റു വകഭേദങ്ങളാണ് δωρεά (*ഡോറെയാ*) യും δώρημα (*ഡോറെമാ*) യും. ആ മൂന്നു വാക്കുകളും പുതിയ നിയമത്തിൽ മുപ്പതിലധികം പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു, തന്റെ ലേഖനത്തിൽ, പൗലൊസ് *ഡോറെയാ* എന്ന വാക്ക് അഞ്ചു പ്രാവശ്യം മാത്രമാണ് ഉപയോഗിച്ചത്, *ഡെറോൺ* ഒരിക്കൽ മാത്രമാണ് ഉപയോഗിച്ചത്. ആകെയുള്ള പതിനാറു പ്രാവശ്യങ്ങളിൽ ഏഴു പ്രാവശ്യവും 1 കൊരിന്ത്യരിലാണ്. അദ്ധ്യായം 12 ൽ അവൻ ആ വാക്ക് അഞ്ചു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. "വരങ്ങൾ" എന്നതിന് പൗലൊസ് *കരിസ്മാറ്റാ* ഉപയോഗിച്ചത് വളരെ ശ്രദ്ധയോടെയാണ്; അതേ അർത്ഥം തന്നെയാണ് (χάρις, *കാരിസ്*, "കൃപ") എന്നതിനുള്ളത്, അതിനോടൊത്തു നിൽക്കുന്നതാണ് (χαρά, *കാരാ*, "സന്തോഷം")[3] ക്രിസ്തുവിനെ കർത്താവായി ഏറ്റു പറയുമ്പോൾ ലഭിക്കുന്ന കൃപയും സന്തോഷവും അവർണ്ണനീയം തന്നെ.

ഇവിടെ പറയുന്ന വരങ്ങൾ സൂചിപ്പിക്കുന്നത് അമാനുഷ ശക്തിയാണ്. നിത്യജീവൻ അടക്കം ദൈവം തന്റെ ജനത്തിന് നൽകുന്നവയിൽ ഉൾപ്പെടുന്നതാണ് (*കരിസ്മാറ്റാ*) അവന്റെ കരുണാധിക്യപ്രകാരമുള്ള "വരങ്ങളും" (റോമ. 6:23); എന്നാൽ 1 കൊരിന്ത്യർ 12–14 ന്റെ സന്ദർഭം നോക്കിയാൽ ആ വാക്കിന് പരിമിതിയുള്ളതായി കാണാം. ചുരുക്കി പറഞ്ഞാൽ ആ വാക്ക് എപ്പോഴും ഒന്നു തന്നെയല്ല പറയുന്നത്, പൗലൊസ് ഇവിടെ "ആത്മിയ വരങ്ങളെ" കുറിച്ചുള്ള ചോദ്യങ്ങൾക്ക് മറുപടി പറയുകയാണ് (12:1), തന്റെ പ്രതികരണ ലിസ്റ്റിൽ പൗലൊസ് ഏതാനും "വരങ്ങൾ" മാത്രമെ പറയുന്നുള്ളു എന്ന് വ്യാഖ്യാതാക്കൾ തിരിച്ചറിയണം.[4] ആ പ്രത്യേക വരങ്ങൾ സഭയുടെ ആത്മികവർദ്ധനവിനായി നൽകപ്പെട്ടതാണ്, എന്നാൽ മാനുഷ നിഗളം അവയെ വ്യക്തിപരമായ കഴിവുകളായി കാണുവാൻ തുടങ്ങി. കൂടുതൽ പ്രാധാന്യമുള്ളവരാകുവാൻ ആളുകൾ മൽസര ബുദ്ധിയോടെ ആത്മിയ വരങ്ങളെ ഉപയോഗിച്ചപ്പോൾ സഭക്കുള്ളിൽ ഭിന്നത രൂപപ്പെട്ടു.

ആരംഭ ക്രിസ്ത്യാനികളിൽ ഈ ആത്മിയ വരങ്ങൾ നൽകിയ സമയത്ത് അവരുടെ ഇഷ്ടപ്രകാരം അവയെ ഉപയോഗിക്കുവാൻ കഴിഞ്ഞിരുന്നു. ഉദാഹരണമായി, പത്രൊസിനും യോഹന്നാനും ദേവലയ പരിസരത്തു വരുന്ന എല്ലാ മുടന്തരേയും, അല്ലെങ്കിൽ അന്ധരെയും സൗഖ്യമാക്കുവാൻ കഴിയുമായിരുന്നു. ആരെയെല്ലാം സൗഖ്യമാക്കണം എന്നു തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യം അവരിൽ നിന്നു ദൈവം എടുത്തുകളഞ്ഞില്ല (പ്രവൃ. 3:6). അതുപോലെ ആത്മിയ വരങ്ങൾ ലഭിച്ച മറ്റു ക്രിസ്ത്യാനികൾക്കും ശരിയായ രീതിയിൽ എങ്ങനെ അവയെ ഉപയോഗിക്കണമെന്ന് തീരുമാനിക്കുവാൻ അവർക്ക് കഴിഞ്ഞിരുന്നു. അത്തരം വരങ്ങളിൽ പെടുന്നതാണ് അന്യഭാഷയും പ്രവചനവും (1 കൊ. 14:32). ആ വരങ്ങൾ ഉപയോഗിക്കുന്നവരുടെ മനസും ഇഷ്ടവും അതിൽ ഉൾപ്പെട്ടിരുന്നു; ആ ക്രിസ്ത്യാനികളുടെ വികാരത്തെയോ സ്വഭാവത്തെയോ ദൈവം അവരിൽനിന്നു മാറ്റി നിർത്തിയിരുന്നില്ല.

ദൈവജനത്തിന്റെ അപേക്ഷയോട് പ്രതികരിച്ച് ദൈവത്തിനു തന്റെ ഹിതപ്രകാരം ഏതു സമയത്തും പ്രവർത്തിക്കുവാൻ കഴിയും. ഒന്നാം നൂറ്റാണിലെ സഭയുടെ പേരൈരേതേഥനക്ക് ദൈവം മറുപടി നൽകിയതുപോലെ ഈ ആധുനിക കാലത്തും ദൈവം മറുപടി നൽകും. അവന്റെ പ്രവൃത്തികൾ അതിശയിപ്പിക്കുന്നതായിരിക്കും. ഒന്നാം-നൂറ്റണിലെ സഭയിൽ പരിശുദ്ധാത്മാവിന്റെ അത്ഭുതവരങ്ങൾ ദൈവം നൽകിയിരുന്നു. എന്നാൽ ആധുനിക കാലത്ത് ദൈവം ക്രിസ്ത്യാനികൾക്ക് താലന്തുകളാണ് നൽകിയിരിക്കുന്നത്. അന്ന് അത്ഭുത വരങ്ങൾ അവർ വിവേകത്തോടെ ഉപയോഗിക്കണായിരുന്നു. ഒന്നാം-നൂറ്റാണിലാണെങ്കിലും വ്യക്തികൾക്ക് നൽകിയ സവിശേധികാരം അവർ ദൈവത്തിന് കീഴ്പ്പെട്ടാണ് പ്രവർത്തിച്ചിരുന്നത്. ദൈവഹിതമനുസരിച്ചായിരുന്നു അടയാളങ്ങളും, വീര്യപ്രവൃത്തികളും ചെയ്തിരുന്നത്.

ന്റെ താൽപര്യമനുസരിച്ച് ദൈവത്തിന് തന്റെ ജനത്തിൽ പ്രവർത്തിപ്പാൻ കഴിയുമായിരുന്നു. (*കരിസ്മാറ്റാ*) ഒന്നാം നൂറ്റാണ്ടിലും, ഈ ആധുനിക കാലത്തും, ദൈവം സഭയുടെ പ്രാർത്ഥനക്ക് മറുപടി നൽകുന്നത് അവന്റെ അത്ഭുത ശക്തിയാലാണ്. **അതേ ആത്മാവ്** ആത്മിയ വരം ലഭിച്ച അന്നത്തെ ക്രിസ്ത്യാനികൾക്കും ആധുനിക കാലത്തുള്ളവർക്കും തമ്മിലുള്ള വ്യത്യാസം എന്തെന്നാൽ അവർക്ക് ആ ശക്തി ഇവരുടെ വിവേചനപ്രകാരം ഉപയോഗിക്കുവാൻ കഴിഞ്ഞു എന്നതാണ്. ദൈവം അവരെ അതിന് അനുവദിച്ചിരുന്നു. അമാനുഷ ശക്തിയുടെ പ്രദർശനം ഇന്ന് ഇല്ല; ഇന്ന് ആത്മിക വരങ്ങൾ അത്ഭുതശക്തിയാൽ നടക്കുമെന്ന ധാരണ ശരിയല്ല. ദൈവം തന്റെ ഇഷ്ടപ്രകാരമാണ് ഓരോന്നു ഓരോ സമയത്ത് ചെയ്യുന്നത് എന്ന കാര്യം നാം മനസിലാക്കണം. നല്ല വരങ്ങൾ മൽസരിക്കാതെ ദൈവമഹത്വത്തിനായി ഉപയോഗിക്കുവാനാണ് പൗലൊസ് ആവശ്യപ്പെട്ടത്.

**വാക്യങ്ങൾ 5, 6**. എല്ലാ നന്മയുടേയും ഉറവിടം കർത്താവാകയാൽ, ആത്മാവിനാൽ നൽകപ്പെടുന്ന എല്ലാ വരങ്ങളും ഉപയോഗിക്കുന്നതിനെയാണ് "ശുശ്രൂഷ" (διακονία, *ഡയാകോണിയ*) സൂചിപ്പിക്കുന്നത്. **ഒരേ കർത്താവ് വിവിധ രീതിയിലുള്ള ശുശ്രൂഷകളും**, വിവിധ വരങ്ങളും നൽകുന്നതിൽ ക്രിസ്ത്യാനികൾ അതിശയിക്കേണ്ട കാര്യമില്ല. വിവിധ രീതിയിലുള്ള ആത്മിയ വരങ്ങളും, വിവിധ "ശുശ്രൂഷകളും" കർത്താവ് തന്റെ ദാസന്മാർക്ക് നൽകിയത് സഹോദരങ്ങൾക്ക് കാണുവാൻ കഴിഞ്ഞിരുന്നു. ഉദാഹരണമായി, ദൈവം ചിലരെ അപ്പൊസ്തലന്മാരായും, മൂപ്പന്മാരായും, ഉപദേഷ്ർടാക്കന്മാരായും, ശുശ്രൂഷകന്മാരായും നിയമിച്ചിരുന്നു (12:29; എഫെ. 4:11 നോക്കുക). ദൈവം ആളുകൾക്ക് വിവിധ ആത്മിയ വരങ്ങൾ നൽകിയപ്പോൾ, അവർ അത് ഉപയോഗിപ്പാൻ തയ്യാറായിരുന്നു. കൊരിന്ത്യൻ ക്രിസ്ത്യാനികളുടെ സാമാന്യബോധം ഉണർത്തുകയായിരുന്നു പൗലൊസ് എന്നു തോന്നുന്നു. ആളുകൾ വ്യത്യസ്തരായതിനാൽ, അവർക്ക് യോജിച്ച വരമായിരുന്നു നൽകിയത്.

"ആത്മാവ് ഒന്ന്," "കർത്താവ് ഒരുവൻ," **ഒരേ ദൈവമാണ്** വിവധങ്ങളായ "ആത്മിയ വരങ്ങളും" "വിവിധ ശുശ്രൂഷകളും" ഒരേ ദൈവം ആണ് നൽകുന്നത്, ക്രിസ്ത്യാനികളിൽ അവ **വിവിധ ഫലങ്ങളാണ്** പുറപ്പെടുവിക്കുന്നത് (12:4–6). കെജെവിയിൽ 12:6 പറയുന്നത് "വീര്യ പ്രവൃത്തികളുടെ ഫലം" എന്നതിനു പകരം, "വിവിധ വരങ്ങൾ" എന്നാണ്. സിഈവി പറയുന്നത്, "നമുക്ക് ഓരോരുത്തർക്കും വ്യത്യസ്തകാര്യങ്ങൾ ചെയ്യുവാൻ കഴിയും എന്നതാണ്, ഒരേ ദൈവമാണ് എല്ലാ കാര്യവും നമ്മിൽ ചെയ്യുവാൻ സഹായി

ക്കുന്നത്.” ഒരാൾക്ക് ആത്മിയ വരങ്ങൾ ലഭിച്ചിരിക്കുന്നത്, അയാളുടെ നല്ല ജീവിതത്താലോ അല്ലെങ്കിൽ ദൈവത്തിന്റെ പ്രത്യേക ആനുകൂല്യം അയാളിൽ ഉള്ളതുകൊണ്ടോ അല്ല. ആത്മിയ വരങ്ങൾ വ്യക്തികളെ ഉയർത്തുന്നതിനായിരുന്നില്ല, മറിച്ച് സഭയെ വളർത്തുന്നതിനായിരുന്നു. ആ പ്രവൃത്തികളെല്ലാം ചെയ്യുന്നത് ദൈവത്തിനും, ക്രിസ്തുവിനും, പരിശുദ്ധാത്മാവിനും വേണ്ടിയാണെന്ന് പറയുമ്പോൾ, പൗലൊസ് ദൈവികത്വത്തിലെ മൂന്നു വ്യക്തികളെയും ഊന്നി പറയുകയാണ്. ദൈവത്തിന്റെയും, ക്രിസ്തുവിന്റെയും, പരിശുദ്ധാത്മാവിന്റെയും പ്രവൃത്തികൾ എല്ലാം യോജിച്ചിരിക്കുന്നു. “ത്രിത്വം” എന്ന വാക്ക് ഇവിടെ കാണുന്നില്ലെങ്കിലും സന്ദർഭത്തിൽ ദൈവികത്വത്തിലെ മൂന്നു വ്യക്തികളും പ്രവർത്തിക്കുകയാണ്.

ഏക ശരീരത്തിൽ ക്രിസ്ത്യാനികൾ അന്യോന്യം പിന്തുണക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നത് യോജിച്ചായിരിക്കണമെന്നതായിരുന്നു പൗലൊസിന്റെ ചിന്ത. ക്രിസ്തുവിന്റെ സഭയുടെ ഐക്യതക്കായിട്ടാണ് ആത്മിയ വരങ്ങളും മറ്റെല്ലാതം തന്നെ സഭയിൽ ഉപയോഗിക്കുവാൻ. തനിക്ക് ലഭിച്ച ആത്മിയ വരങ്ങൾ ദൈവത്തിന്റെ പ്രത്യേക ആനുകൂല്യമാണെന്ന് ഏതൊരു ക്രിസ്ത്യാനിയും, മറ്റുള്ളവരിൽ ദൈവത്തിന്റെ ആനുകൂല്യത്തെയും മറ്റുള്ളവർക്ക് ലഭിച്ച അസാധാരണ കഴിവുകളെയും നാം സമ്മതിക്കണം. വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഏതൊരാളിലും ദൈവത്തിന്റെ കൃപ വസിക്കുന്നു.

**വാക്യം 7.** പൗലൊസ് പറഞ്ഞ ആത്മിയ വരങ്ങൾ **പൊതു പ്രയോജനത്തിനായിരുന്നു**. ആർഈബി യിൽ “ചില ഉപകാരപ്രദമായ ഉദ്ദേശം” എന്നാണ്. ദൈവം നൽകിയ **ആത്മാവിന്റെ പ്രദർശനം** വ്യക്തിപ്രഭാവത്തെ ഉയർത്തുന്നതിനായിരുന്നില്ല, ആത്മിയ വരങ്ങളെ വ്യക്തിപരമായ രീതിയിൽ ഉപയോഗിക്കാവുന്നതല്ല. അങ്ങനെ ഉപയോഗിച്ചാൽ അത് സഹോദരങ്ങൾക്കിടയിൽ ഭിന്നതയും, മൽസരവും പുറപ്പെടുവിക്കം, പക്ഷെ ആത്മിയ വരങ്ങൾ പൊതുവായി എല്ലാവരുടേയും നന്മക്കായിട്ടാണ് നൽകിയത്. പരിശുദ്ധാത്മാവിനാൽ നൽകപ്പെട്ട എല്ലാ വരങ്ങളും സഭയെ യോജിപ്പിച്ച് ശക്തിപ്പെടുത്തുവാനായിരുന്നു. ആത്മിയ വരങ്ങളെ കുറിച്ചുള്ള ചർച്ച നല്ല ദിശയിലേക്കാണ് നയിക്കുന്നത്. “ഇനി പൊതുവായ നന്മയെ” കുറിച്ച് അല്ലെങ്കിൽ “ശരീരത്തിന്റെ ഐക്യതയെ” സംബന്ധിച്ച് കൊരിന്ത്യർ ആത്മിയ വരങ്ങളെ ഉപയോഗിച്ചതും അവർക്കിടയിൽ സംഭവിച്ച ഭിന്നിപ്പിനെ കുറിച്ചും ആയിരുന്നു അപ്പൊസ്തലന്റെ വിചാരം. ഓരോ പ്രശ്നത്തെയും ശ്രദ്ധയോടെ പരിഹരിക്കുന്നത് പ്രയോജനപ്പെടും.

**വാക്യം 8.** അപ്പൊസ്തലന്റെ പൊതുവായ പ്രബോധനത്തിൽ, ആത്മിയ വരങ്ങളും പ്രത്യേകിച്ച് 12:7 ലെ “ആത്മാവിന്റെ പ്രദർശനം” ഉൾപ്പെടുന്നതായിരുന്നു. ആ സഹോദരന്മാർക്ക് ദൈവം നൽകിയ മനോഹരമായ ആത്മിയ വരങ്ങൾ ഉയർന്ന നിലവാരത്തിൽ ചെയ്യുന്നതിന് പകരം പരസ്പരം മൽസരിക്കുകയായിരുന്നു. പൊസ് അവരിൽ ദൈവം നൽകിയ സാധാരണ വരങ്ങൾ സഭയുടെ ക്ഷേമത്തിനായി അവ വളരെ വിലയുള്ളതായി തീരുമെന്ന് അപ്പൊസ്തലൻ പ്രബോധിപ്പിച്ചു. ഒരുത്തന് **ആത്മാവിനാൽ ജ്ഞാനത്തിന്റെ വചനവും** മറ്റൊരുത്തന് **അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനവും** നൽകിയിരിക്കുന്നു. ആ “ആത്മാവിന്റെ പ്രകാശങ്ങൾ പൊതു പ്രയോജനത്തിന്” നൽകിയവയായിരുന്നു; അത്ഭുത വരങ്ങൾ ലഭിച്ചവരിലും അത് കണ്ടവരിലും വളരെ തെറിയ ചലനം മാത്രമാണ് സംഭവിച്ചത്.

പൗലൊസ് പറയുന്ന ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും വചനം വരമായി *പ്രതിപാദിച്ചിരിക്കുന്നത്* മനസിലാക്കുന്നത് സഹായകരമായിരിക്കും. ഒരുപക്ഷെ, ജ്ഞാനം എന്നു പറയുന്നത്, "ദൈവശ്വാസിയമായി വെളിപ്പെടുത്തിയതും പ്രവചനത്താൽ അറിയിച്ചതുമായ വചനം ആയിരിക്കാം" എന്നാണ് സൂചനകൾ വെളിപ്പെടുത്തുന്നത്. അതായത്, വചനം "ദൈവത്തിൽ നിന്നു ലഭിച്ചത്, വ്യക്തികളിലേക്കും, ഇടവകകളിലേക്കും എങ്ങനെ പകർന്നു കൊടുക്കുമെന്നതാണ് കഴിവ്"[5] ഇവിടെ പറഞ്ഞ ജ്ഞാനവും പരിജ്ഞാനവും മനുഷ്യരുടെ ജ്ഞാനവുമായി തെറ്റിദ്ധരിക്കരുത്. ഈ ലോകജ്ഞാനവുമായി ആത്മികവരങ്ങളിൽ പെട്ട ജ്ഞാനത്തിന് ഒരു ബന്ധവുമില്ല.

പൗലൊസ് വേർതിരിച്ചു കാണിക്കുന്നത് പരിശുദ്ധാത്മാവിനാലുള്ള പ്രദർശനമായ സാധാരണ ജ്ഞാനവും പരിജ്ഞാനവുമല്ല. കൊരിന്ത്യയിലെ വിശ്വാസികൾ തമ്മിൽ, വ്യത്യാസം ഉണ്ടായിരുന്നു എന്നത് സ്പഷ്ടമാണ്. അല്ലെങ്കിൽ അപ്പൊസ്തലൻ അവർക്ക് എഴുതേണ്ട ആവശ്യം ഉദിക്കുന്നില്ലല്ലോ ആത്മിയ വരങ്ങളായ ജ്ഞാനവും പരിജ്ഞാനവും ആത്മാവ് നൽകിയത് ഏതു അടിസ്ഥാനത്തിലായിരുന്നു എന്നു പറയുന്നില്ല. പൗലൊസി, തന്റെ അപ്പൊസ്തലിക അധികാരത്താൽ, പത്രൊസും യോഹന്നാനും, ശമര്യയിൽ ചെയ്തതുപോലെ, ചിലരിൽ കൈവെച്ച് ആത്മാവിന്റെ അത്ഭുതശക്തി പകർന്നു കൊടുത്തിരുന്നോ (പവൃ. 8:14-18)? ഈ സന്ദർഭത്തിൽ അപ്പൊസ്തലന്മാർ കൈവെച്ച് ആത്മിയ വരങ്ങൾ പകർന്നു കൊടുത്തില്ല എങ്കിൽ, പരിശുദ്ധാത്മാവ് മർമ്മമായി അത്തരം വരങ്ങളെ ചിലരെ തിരഞ്ഞെടുത്തു കൊടുത്തിരിക്കാം. അങ്ങനെയാണെങ്കിൽ, വിശ്വാസികൾ ഒരു സുപ്രഭാതത്തിൽ, ഉണരുമ്പോൾ, തങ്ങൾ ചോദിക്കാത്തതും മനസിലാക്കാത്തതുമായ അത്ഭുത വരങ്ങൾക്കുടമകളായിരി തീർന്നു എന്നു വരാം. പൗലൊസ് പിന്നെ, കാരണവും ക്രമവും നിരത്തിയപ്പോൾ (1 കൊ. 14:40) സൂചിപ്പിക്കുന്നത് ആ ആത്മിയ വരങ്ങൾ അപ്പൊസ്തലന്മാരുടെ നിയോഗത്താൽ വന്നു എന്നാണ്.

**വാക്യം 9**. ജ്ഞാനവും പരിജ്ഞാനവും പോലെ തന്നെ വിശ്വാസവും ഓരോ ക്രിസ്ത്യാനിയുടേയും സ്വാഭാവികമായ പ്രതീക്ഷയായിരുന്നു **വിശ്വാസം**. എങ്ങനെയായാലും, ഇവിടെ "വിശ്വാസം ചോദ്യം ചെയ്യപ്പെട്ടിരിക്കയാണ്. **ഒരേ ആത്മാവിനാൽ** നൽകപ്പെട്ടതാണ് ജ്ഞാനവും പരിജ്ഞാനവും എന്നു മുൻപ് പറഞ്ഞുകഴിഞ്ഞു. "ആത്മിയ വരം" ആയ വിശ്വാസം എന്നു പറയുന്നത് ഒരുപക്ഷെ, പരീക്ഷണങ്ങളെയും ക്രിസ്തീയ ഉപദേശത്തെയും പ്രതിരോധിക്കുന്നതിനുള്ള കഴിവ് ആയിരിക്കാം. ഉദാഹരണമായി വിശ്വാസികൾക്ക് ഗ്രീക്ക് തത്വചിന്തകന്മാരെ പ്രതിരോധിക്കേണ്ടതായി വന്നിരുന്നു. ക്രിസ്തുവിനെ ഏറ്റു പറയുന്ന വിശ്വാസത്തിലായ ഇന്നത്തെ ക്രിസ്ത്യാനികൾക്ക് ആത്മാവിന്റെ-ശക്തിയാലുള്ള ആത്മിയ വരമായ വിശ്വാസത്തെ മനസിലാക്കുവാൻ കഴിയണമെന്നില്ല. എങ്ങനെയായാലും, കൊരിന്ത്യ സഭയിൽ വിശ്വാസം ചോദ്യം ചെയ്യപ്പെട്ടിരിക്കയാൽ, ആത്മാവിന്റെ ശക്തിയാലുള്ള വിശ്വാസം എന്നു പറയുന്നത് അത്ഭുത വരമായി നാം മനസിലാക്കണം.

ആത്മാവിന്റെ പ്രദർശനമായ-ആത്മിയ വരങ്ങൾ ചിലർ വ്യക്തിപ്രഭാവത്തിനായി ഉപയോഗിച്ചതിനാൽ, അവരുടെ ഊർജം സ്വാർത്ഥതക്കായി ഉപയോഗിച്ചു. പൗലൊസ് നീങ്ങുന്നത്, കൊരിന്ത്യർ മൽസരിച്ച ആത്മിയ വരങ്ങളിലേക്കായിരുന്നു. വിശ്വാസം, ജ്ഞാനം, പരിജ്ഞാനം എന്നിവയേക്കാൾ ചിലർ മുൻഗണന **രോഗശാന്തിക്ക്** കൊടുത്തു. ആ വരം മാത്രമല്ല, എല്ലാ വരങ്ങളും

ദൈവത്തിൽനിന്നാണെന്ന് അപ്പൊസ്തലൻ കാണിച്ചുകൊടുത്തു. ആദ്യം ലഭിച്ചവർക്കെല്ലാം അതു ആഗ്രഹിക്കത്തക്കതും ആയിരുന്നു.

"രോഗശാന്തി വരങ്ങൾ" എന്ന് പൗലൊസ് ബഹുവചനത്തിൽ ഒപയോഗിച്ചത് ലളിതമായ ശൈലിയാണെങ്കിലും, അതിനു പ്രാധാന്യമുണ്ട്. ചില നിബന്ധനകളുടെ അടിസ്ഥാനത്തിൽ മാത്രമെ ചില രോഗശാന്തി വരുത്തുവാൻ കഴിഞ്ഞിരുന്നുള്ളു. രോഗശാന്തി വരം ലഭിച്ചവർ അതിനു മുൻഗണനാ ക്രമം നൽകിയതായിരുന്നു പ്രശ്നം. പൗലൊസിന്റെ ലക്ഷ്യം ആത്മിയ വരങ്ങളെ പിന്നിലാക്കുകയായിരുന്നില്ല; എല്ലാ ആത്മിക വരങ്ങളും സഭയുടെ ഉയർച്ചക്കായിരുന്നു നൽകിയത്. "രോഗശാന്തി വരങ്ങൾ ലഭിച്ചിരുന്നവർ" സമൂഹത്തെ ജ്വലിപ്പിച്ചിരുന്നു, ക്രിസ്ത്യാനികളെയും അല്ലാത്തവരെയും.

**വാക്യം 10എ**. ആത്മിയ വരങ്ങളെ അതിന്റെ ക്രമമോ, മുൻഗണനയോ കണക്കാക്കാതെയാണ് പൗലൊസ് അവയുടെ ലിസ്റ്റ് നൽകുന്നത് (ജ്ഞാനം, പരിജ്ഞാനം, വിശ്വാസം) അല്ലാതെ അതിന്റെ ആവേശമോ, പ്രാധാന്യമോ നോക്കിയല്ല. വിവിധ വീര്യപ്രവർത്തികളുടെ ഫലങ്ങൾ വിസ്തൃതമായ രീതിയിലാണ് ഒരുക്കിയിരിക്കുന്നത്. അങ്ങനെയെങ്കിൽ ആളുകൾ "രോഗശാന്തി വരങ്ങളെ" തെറ്റായി കണ്ടിരിക്കും. **അത്ഭുതങ്ങളുടെ ഫലം** രോഗശാന്തിക്ക് മുൻപ് അല്ല, ശേഷമാണ് സംഭവിക്കുന്നത്. മറ്റു വരങ്ങളേക്കാളധികം കൊരിന്ത്യയിലുള്ളവർ ആഗ്രഹിച്ചത് രോഗശാന്തി വരമായിരുന്നു ദീർഘായുസ് ലഭിക്കുന്നതിനാലാകാം ആ ക്രിസ്ത്യാനികൾ മറ്റു വരങ്ങളേക്കാൾ രോഗശാന്തി ഇഷ്ടപ്പെടുവാൻ കാരണം. യേശുവും അപ്പൊസ്തലന്മാരും ചെയ്ത അത്ഭുതങ്ങളിലധികവും അത്ഭുത രോഗശാന്തിയായിരുന്നു.

കാരണം എന്തായാലും, പൗലൊസ് "അത്ഭുതങ്ങളുടെ ഫലം" എന്ന പ്രയോഗം "രോഗ ശാന്തി വരം" എന്നതിന് ശേഷമാണ് ഉപയോഗിച്ചത്. അതിനു ശേഷം അവൻ കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ പ്രതീക്ഷിച്ചതുപോലെ പ്രദർശനങ്ങൾ വെവ്വേറെ പറഞ്ഞിരിക്കുന്നു.

**വാക്യം 10ബി**. മറ്റു അത്ഭുത വരങ്ങളോടൊപ്പം, കൊരിന്ത്യയിലുള്ള ചിലർക്ക് **പ്രവചന** വരവും ലഭിച്ചിരുന്നു. ആരംഭ സഭയിലെ പ്രവാചകന്മാരെ ആളുകൾ ബഹുമാനിച്ചിരുന്നു; അവർ വളരെ പ്രധാനപ്പെട്ട സേവനം ആയിരുന്നു നടത്തിയിരുന്നത് (എഫെ. 2:20; 4:11). അഗബൊസ് ഭാവിയെ കുറിച്ച് പ്രവചിച്ചു (പ്രവൃ. 11:28; 21:10, 11), എന്നാൽ പ്രവാചകന്മാർ അധികവും പഠിപ്പിക്കയായിരുന്നു (പ്രവൃ. 15:32). ക്രിസ്തീയ ഉപദേഷ്ടാക്കന്മാർക്ക് പരിശുദ്ധാത്മ ശക്തി ലഭിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല, എന്നാൽ പ്രവാചകന്മാർക്ക് അത് ആവശ്യമായിരുന്നു. ജെയിംസ് ഗ്രീൻബറിയുടെ തീർപ്പ് ഇപ്രകാരമായിരുന്നു:

> അതിനാൽ, അങ്ങനെ പറയുവാനായി വ്യക്തമായ തെളിവ് പുതിയ നിയമത്തിലുടനീളം കാണുന്നില്ല, പക്ഷെ പ്രവചനം, ഐകരൂപ്യത്തിൽ, വെളിപ്പെടുത്തുന്നതും ആധികാരികവും ആയിരുന്നു.[6]

ദൈവം തന്റെ ദാസന്മാർക്ക് വളരെ കാലം മുൻപ് തന്നെ നൽകി വന്ന വരമായിരുന്നു പ്രവചനം, ആളുകളുടെ മനസിൽ നിന്നാണ് വരുന്നതെങ്കിൽ, ഇത് ദൈവത്തിന്റെ അരുളപ്പാട് എന്ന് അവർക്ക് ഉറപ്പിച്ചു പറയുവാൻ കഴിയുമായിരുന്നു (യിരെ. 27:16). ആകയാൽ പ്രവാചകന്മാർക്ക് ആത്മിയ വരങ്ങളെ

വിവേചിച്ച് മനസിലാക്കി പ്രഖ്യാപിക്കുവാൻ കഴിഞ്ഞിരുന്നു. ചില പ്രത്യേക സഭകളിൽ, പ്രത്യേക പ്രവർത്തനങ്ങൾക്കായി ചില പ്രവാചകന്മാരെ നിയോഗിച്ചിരുന്നു, സത്യം പ്രവചിക്കുന്ന പ്രവാചകന്മാരും, കള്ള പ്രവാചകന്മാരും ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിച്ച് പ്രവചിക്കുന്ന പ്രവാചകന്മാരും ഉണ്ടായിരുന്നു (1 യോഹ. 4:1).

**വാക്യം 10സി**. ദൈവം നൽകിയ മനോഹര വരങ്ങൾ കൊരിന്ത്യരിൽ സംരക്ഷിച്ച് നിലനിർത്തുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്. ആത്മാവിനാൽ നൽകപ്പെട്ട **വിവിധ ഭാഷകളിൽ** സംസാരിക്കുവാനുള്ള വരത്തെ അവർ മൽസരത്തിനായി ഉപയോഗിച്ചു. ആ അന്യഭാഷാ വരം പല "തരത്തിൽ" ഉള്ളവയാണെന്ന് പൗലൊസ് മനസിലാക്കിയിരുന്നു. കൊരിന്ത്യരിൽനിന്നു ദൈവം പ്രതീക്ഷിച്ചത്, ആവേശപൂർണ്ണമായ ഭാഷാ പ്രഖ്യാപനം ആയിരുന്നില്ല, മറിച്ച് പല തരത്തിലുള്ള ഭാഷകളായിരുന്നു. ഇന്ന് അന്യഭാഷ സംസാരിക്കുന്നു എന്ന് അവകാസപ്പെടുന്നവർ പറയുന്നത് (മതപരം അല്ല, പിന്നെയോ "വൈകാരികമാണ്"). ബുദ്ധിപരമായ അനുഭവം പ്രകടിപ്പിക്കുന്നതായിരുന്നില്ല അനുഭാഷ. പൗലൊസ് ചർച്ച ചെയ്ത അന്യഭാഷ തിരിച്ചറിയാവുന്നതും, അർത്ഥവത്തായതുമായ വാക്കുകളടങ്ങിയ "വിവിധ തരം" ഭാഷകളായിരുന്നു.

അത് "വ്യാഖ്യാനത്തിന്" വിധേയമാക്കണം എന്ന് കൊരിന്ത്യയിലെ ക്രിസ്ത്യാനികളോട് പൗലൊസ് പറയുമ്പോൾ, അന്യഭാഷ മനസിലാക്കുന്നതിന് അവർ ബഹുദൂരം പോകണമായിരുന്നു. വാസ്തവത്തിൽ പ്രവചന വരം ലഭിച്ച് പ്രവചിക്കുന്നവരുടെ ആത്മാക്കളേയും, അവരുടെ അവകാശം ഉന്നയിക്കുന്നവരുടേയും "ആത്മാക്കളെ" വിവേചിക്കുവാൻ കൊരിന്ത്യയിലെ ചില ക്രിസ്ത്യാനികൾക്ക് കഴിയണമായിരുന്നു. ആത്മാവിനാൽ ലഭിച്ചു എന്ന് അവകാശപ്പെടുന്നവരേയും വാസ്തവത്തിൽ സംസാരിക്കുന്നവരേയും തമ്മിൽ വേർതിരിച്ചു കാണുവാൻ സഭയിലുള്ളവർക്ക് കഴിയേണ്ടിയിരുന്നു. അതുപോലെ, അന്യഭാഷാ വരം സഭയുടെ വളർച്ചക്കായി നൽകപ്പെട്ടതും, അത് വ്യാഖ്യാനിക്കപ്പെടേണ്ടതുമായിരുന്നു. വരം ലഭിച്ച ക്രിസ്ത്യാനികളുടെ വാക്കുകൾ ആത്മാവിനാൽ ദൈവത്തിന്റെ വെളിപ്പെടുത്തലുകളാണ് സംസാരിച്ചിരുന്നത്. ബുദ്ധിപരമായ ആശയങ്ങൾ പ്രകടിപ്പിക്കുന്നവയായിരുന്നു, "വിവിധ തരം ഭാഷകൾ."

പുതിയ നിയമ ലേഖനങ്ങളെല്ലാം പരിശോധിച്ചാൽ, അന്യഭാഷ (രോഗശാന്തിയും, പ്രവചനവും ഒഴിച്ചു നിർത്തിയാൽ) 1 കൊരിന്ത്യർ ലേഖനത്തിൽ മാത്രമാണ് കാണുന്നത്. കൊരിന്ത്യർക്ക് നൽകിയ വരങ്ങളെ സംബന്ധിച്ച് അവർ അത് പരിശോധിക്കണമായിരുന്നു. പൗലൊസിന്റെ ലേഖനങ്ങൾ ആധുനിക കാലത്ത് വായിക്കുന്നവർ, കൊരിന്ത്യയിൽ അന്നു സംസാരിച്ച വിവിധ തരം ഭാഷകൾ മനസിലാക്കുവായി, നിർദ്ദേശങ്ങളും നൽകിയിരിക്കുന്നത് പ്രയോജനപ്രദമാണ്.

പുതിയ നിയമത്തിൽ മറ്റൊരു ഭാഗത്ത് "അന്യഭാഷ" കാണുന്നത്, പ്രവൃത്തികൾ 2:7, 8; 10:46; 19:6 ലുമാണ്. അപ്പൊസ്തല പ്രവൃത്തികൾ 2 ൽ, അപ്പൊസ്തല പ്രവൃത്തികളിലും, 1 കൊരിന്ത്യർ 12-14 ലും പറഞ്ഞിട്ടുള്ള അന്യഭാഷയെ കുറിച്ച് പറയുന്നത് വായിച്ചാൽ ബുദ്ധിമുട്ടുള്ള വേദഭാഗങ്ങൾ നമുക്ക് മനസിലാക്കുവാൻ കഴിയും. പ്രവൃത്തി 2 ലെ അന്യഭാഷാ പ്രതിഭാസവും 1 കൊരിന്ത്യർ ലേഖനത്തിലെ അന്യഭാഷയും വ്യത്യസ്തമാണെങ്കിലും, വ്യക്തമാക്കുവാൻ പ്രയാസമുള്ളവയല്ല.[7] അന്യഭാഷ എന്നത് പൗലൊസ്

ശ്വാസിയ ഭാഷ ആണെന്ന് വ്യക്തമായി മനസിലാക്കിയിരുന്നതായി ഡേവിഡ് ഈ. ഗാർലന്റെ തീർച്ചപ്പെടുത്തിയിരുന്നു. അല്ലാതെ അത് ആത്മാവിനാലുള്ള ഒരു അപശബ്ദം ആയിരുന്നില്ല."[8]

റോബർട്ട് എച്ച്. ഗൺട്രി എഴുതിയ ഒരു ലേഖനം പരിശോധിച്ചാൽ, "പുതിയ നിയമത്തിൽ പറയുന്ന അന്യഭാഷ, പഴയനിയമ പ്രവചന കാലത്തിൽ നടന്ന യെഹൂദ മതാനുസാരികളുടെ അന്യഭാഷാ രീതിയുമായി സമാനത കാണാം." അതിൽ പറയുന്നു, "ഹർഷോന്മാദ പ്രഖ്യാപനത്തെ കുറിച്ചല്ല അപ്പൊസ്തലനായ പൗലൊസ് പറയുന്നത്, ദൈവശക്തിയാൽ, സംസസാരിക്കുന്ന വ്യക്തിക്ക് അറിയാത്ത മറ്റൊരു ഭാഷയിൽ സംസാരിക്കുവാനുള്ള കഴിവിനെയാണ്."[9]

**വാക്യം 11.** കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്കിടയിൽ സഭയുടെ ഐകൃം ഊട്ടി ഉറപ്പിക്കുകയായിരുന്നു പൗലൊസിന്റെ ലക്ഷ്യം. പൗലൊസ് എഴുതി, **എന്നാൽ ഇതെല്ലാം പ്രവർത്തിക്കുന്നത് താൻ ഇഛിക്കും പോലെ അവനവന് അതതു വരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവ് തന്നെ.** ആത്മാവ് പകുത്തു കൊടുത്ത ആത്മീയ കഴിവുകളെ അവർ തെറ്റിദ്ധരിക്കയും തെറ്റായി ഉപയോഗിക്കയും ചെയ്തു.

സഭയാകുന്ന, ശരീരത്തിലെ അവയവങ്ങളുടെ പ്രവൃത്തികൾ ഒരിക്കലും സഭയുടെ ഐക്യതക്ക് ഹാനി വരുത്തരുത് ഭൗതിക ശരീരത്തിലെ എല്ലാ അവയവങ്ങളെയും പോലെ, ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളെല്ലാം യേജുചിച്ച് പ്രവർത്തിക്കണം. അപ്പോൾ ശരീരം മുഴുവൻ യുക്തമായി സന്തോഷിക്കും.

## "ശരീരം ഒന്ന്" (12:12, 13)

**[12]ശരീരം ഒന്നും അതിന്നു അവയവം പലതും ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെ. ആകുന്നു ക്രിസ്തുവും. [13]യെഹൂദന്മാരോ, യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ, നാം എല്ലാവരും ഏകശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു.**

**വാക്യം 12.** പൗലൊസ് 12:12 ൽ, പറയുവാനിരിക്കുന്നത് 12:1-11 വരെ പറഞ്ഞ കാര്യങ്ങൾ ചുരുക്കി "സഭയും അങ്ങനെ തന്നെയാണ്" എന്നു പറയുമെന്ന് നാം വിചാരിക്കും. പക്ഷെ, അപ്പൊസ്തലന്റെ വിലയേറിയ വിവരണത്തിൽ. "സഭയെ സംബന്ധിച്ചും അങ്ങനെയാണ്" എന്നതിന് പകരം, **ക്രിസ്തുവും അങ്ങനെ തന്നെ** എന്നാണ് പറയുന്നത്. ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യത ഊന്നി പറഞ്ഞിരിക്കയാണ് കൊരിന്ത്യയിൽ സഭ ആരംഭിച്ച വ്യക്തി. ശരീരത്തിന്റെ ഭാഗമാകുക എന്നാൽ, ക്രിസ്തുവിനേടടു ചേരുക എന്നാണ് അർത്ഥം.

ആസ്ക്ലെപിയോന്റെ ഭാഗത്ത് നിന്നു കണ്ടെടുത്ത രോഗശാന്തി ക്ഷേത്രത്തിന്റെയും, അതുപോലെ പുരാതന കൊരിന്തിലെ ടെറാ-കോട്ടയുടെ ശരീരാവശിഷ്ടങ്ങളും ഭൂഗർഭ ഗവേഷണത്തിൽന്നി കണ്ടെടുത്തിരുന്നു. ഭക്തർക്ക് ലഭിച്ച ഉപകാരസ്മരണ നിലനിർത്തുവാൻ ആഗ്രഹിച്ച് ചെയ്തതാവാം അവ എന്നു കരുതുന്നു. ആധുനിക കൊരിന്തിലെ മൃഗശാലയിൽ ടെറാ-കോട്ടയുടെ ശരീര ഭാഗങ്ങളുടം അവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കന്നു. ആസ്കെപിയസിനെ ആരാധിച്ചിരുന്ന ഭക്തർ പോയിരുന്ന രോഗശാന്തി ക്ഷേത്രം പൗലൊസ്

സന്ദർശിച്ചിരിക്കാമെന്നതിൽ സംശയമില്ല. ജെറോം മർഫി ഓ കോണർ ഊഹി ച്ചത് ഇങ്ങെയാണ്,

> അസ്ക്ലെപിയോനിൽ പൗലൊസ് കണ്ടിരിക്കാനിടയുള്ള ശരീര ഭാഷകൾ പ്രദർശിപ്പിച്ചിരിക്കുന്നതിന്റെ പശ്ചാത്തലം നോക്കിയാൽ, ക്രിസ്ത്യാനികൾ ആരല്ല എന്നു വ്യക്തമാക്കുന്ന ഏല്ലാം ഇല്ല: വിഭജി ക്കപ്പെട്ട, സ്നേഹിക്കാതിരുന്നതും, സ്നേഹിക്കാത്തതും, ഉൾപ്പെടുന്ന “മരിച്ചവർ” ആയിരുന്നു. പങ്കിട്ട ജീവിതത്തിൽ വേരൂന്നിയ ശരീരത്തിലെ അവയവങ്ങളെ തിരിച്ചറിയിക്കുന്ന മുഴുവൻ ശരീരത്തിലെയും വ്യത്യസ്ത അവയവങ്ങളെയാണ് കാണിക്കുന്നത്.[10]

**വാക്യം 13.** പൗലൊസ് തന്റെ വായനക്കാരെ പല ചോദ്യങ്ങളുമായി ട്ടാണ് നേരിട്ടത്. ആ സഹോദരങ്ങൾ ക്രിസ്തുവിനെ അനുസരിച്ച് ആത്മിയ വരങ്ങളെ പരിശുദ്ധാത്മാവിനാൽ ഉപയോഗിച്ച് സഭയിൽ ഭിന്നിപ്പ് വരുത്തുക യായിരുന്നോ? അവർ എല്ലാവരും **ഏകാത്മാവിനാൽ സ്നാനമേറ്റു ഏകശ രിരത്തോട് ചേരുകയായിരുന്നില്ലേ?** സഭയിലേക്ക് പ്രവേശിച്ചപ്പോൾ അവർ വിശ്വാസത്തോടുകൂടിയല്ലേ സ്നാനം ഏറ്റത് എന്നു പൗലൊസ് ചോദിക്കേണ്ട ആവശ്യമില്ല. ഒരു പുതിയ ജീവിതത്തിനുള്ള തുടക്കമാണ് സ്നാനം എന്ന കാര്യം അവർ മറന്നുകളഞ്ഞു. ഒരു പുതിയ ജീവിത ശൈലി ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തുവാനായി അപ്പൊസ്തലൻ നേരത്തെ യേഹൂദർ/ജാതികൾ/ ദാസർ/സ്വതന്ത്രർ എന്നീ തരക്കാർ കർത്താവിൽ ഒന്നാണെന്ന് സൂചിപ്പിച്ച് പറഞ്ഞിരുന്നു (7:18–24); ഇപ്പോൾ അവൻ പറയുന്നത്, അംഗത്വത്തെയും, ശരീ രത്തിൽ പങ്കെടുക്കുന്നതിനെയും കുറിച്ച് ബോധ്യപ്പെടുത്തുവാനായിരുന്നു.

12:13 ൽ പൗലൊസ് പറയുന്നത് കൊരിന്ത്യയിലെ ക്രിസ്ത്യാനികളെല്ലാരും *പരിശുദ്ധാത്മാവിനാൽ* സ്നാനം ഏറ്റിരുന്നു എന്ന് ചിലർ തെറ്റിദ്ധരിച്ചു് ഉദാഹര ണമായി, ജാക് കോട്രെൽ വാദിച്ചത്, സ്നാനമേൽക്കുന്ന സമയത്ത് വിശ്വാസി കൾക്ക് ലഭിക്കുന്ന പരിശുദ്ധാത്മ ദാനം എന്നു പറയുന്നത് പരിശുദ്ധാത്മാവിനാ ലുള്ള സ്നാനം ആണെന്നാണ്. പ്രവൃത്തി 1:5 ലെ വാഗ്ദാനം (“നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയുംമുമ്പെ പരിശുദ്ധാത്മാവിനാൽ സ്നാനം ലഭിക്കും”) പത്രൊസ് ആദ്യമായി സുവിശേഷം പ്രസംഗിക്കയും, പ്രതികരിച്ച ആളുകൾ സ്നാനം ഏറ്റപ്പോൾ അത് നിറവേറി (പ്രവൃ. 2:38–41) എന്നാണ് അദ്ദേഹം പറഞ്ഞത്. കോട്രെൽ പറഞ്ഞതനുസരിച്ച് പെന്തെകൊസ്തു നാളിൽ അപ്പൊ സ്തലന്മാർക്ക് ലഭിച്ചത് ശക്തി കുറഞ്ഞ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയായി വേണം കാണുവാൻ (പ്രവൃ. 1:8).[11] അദ്ദേഹം തന്റെ പോയിന്റ് സ്ഥാപിക്കുവാ നായി, അതായത് സാർവ്വലൗകികമായി പരിശുദ്ധാത്മാവിനാലുള്ള സ്നാനം ലഭിക്കുമെന്നതിന് എടുക്കുന്നത് യോഹന്നാൻ സ്നാപകന്റെ പ്രസ്താവന യാണ് (പ്രവൃ. 11:15, 16).

പെന്തെകൊസ്തു നാളിലും, കൊർന്നെല്യോസിന്റെ ഭവനത്തിലും പരിശു ദ്ധാത്മാവിനെ പകർന്നുകൊടുത്തത് അടയാളമായിരുന്നു എന്നാണ് കോട്രെൽ പറയുന്നത്. പിന്നീട് പറഞ്ഞത്, അത്ഭുത പ്രതിഭാസങ്ങളെ ഒരിക്കലും “പരി ശുദ്ധാത്മാവിലുള്ള സ്നാനം” ആയി കണക്കാക്കരുത് എന്നാണ്. കോട്രെൽ ഒരു സെസേഷനിസ്റ്റ് ആയിരുന്നു; അതായത്, അപ്പൊസ്തല-കാലശേഷം വ്യക്തികളായ ക്രിസ്ത്യാനികൾക്ക് അവരുടെ വിവേചനപ്രകാരം ഉപയോ

ഗിക്കുവാൻ പരിശുദ്ധാത്മാവിന്റെ ശക്തി ലഭിക്കുകയില്ല എന്ന് അദ്ദേഹം വിശ്വസിച്ചു. എന്നിരുന്നാലും കോട്രെലിന്റെ വാദഗതിയിൽ കുറവുള്ള നാല് കാര്യങ്ങൾ പരിഗണിക്കണം.

ഒന്ന്, യേശു തന്റെ ഉയർത്തെഴുന്നേൽപിനു-ശേഷം അപ്പൊസ്തലന്മാർക്ക് പ്രത്യക്ഷനായി പരിശുദ്ധാത്മ സ്നാനത്തെ കുറിച്ച് പറഞ്ഞിരുന്നു (പ്രവൃ. 1:2). “പരിശുദ്ധാത്മാവിനാലുള്ള സ്നാനം ലഭിക്കുവോളം യെരുശലേമിൽനിന്നു വാങ്ങി പോകരുത്” എന്ന് യേശു അവരോട് മാത്രമായി പറഞ്ഞിരുന്നു (പ്രവൃ. 1:5). അങ്ങനെ അവർക്ക് പരിശുദ്ധാത്മ ശക്തി ലഭിക്കുകയും അവർ അവന്റെ സാക്ഷികൾ ആകുകയും ചെയ്തു (പ്രവൃ. 1:8). പ്രവൃത്തി 1:2-8 വരെയുള്ള കൽപനകളും വാഗ്ദാനങ്ങളും പെന്തെകൊസ്തുനാളിൽ പത്രൊസ് പ്രസംഗിച്ചപ്പോൾ നിറവേറി എന്നു പറയുന്നത് അമിതമായ വ്യാഖ്യാനമായിട്ടാണ് കാണുന്നത് (പ്രവൃ. 2:41).

രണ്, 1 കൊരിന്ത്യ ലേഖനത്തിൽ ആദ്യവും, പിന്നെ മറ്റു ലേഖനങ്ങളിലും ജലസ്നാനത്തെ കുറിച്ചു പറഞ്ഞിരിക്കുന്നു. “... നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും, നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും, നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു” (6:11). അവിടെ പറയുന്നത് പരിശുദ്ധാത്മ സ്നാനത്തെ കുറിച്ചല്ല, ജലസ്നാനത്തെ കുറിച്ചാണ് പറയുന്നത്. സ്നാനത്താൽ വിശുദ്ധീകരണവും, നീതീകരണവും ലഭിച്ചു എന്നു മാത്രമല്ല അപ്പൊസ്തലൻ പറയുന്നത്, അത് നമ്മുടെ “ദൈവത്തിന്റെ ആത്മാവിനാൽ” സംഭവിച്ചു എന്നും പറയുന്നു. ദൈവത്തിന്റെ കരുണാധിക്യപ്രകാരം അവൻ നമ്മെ രക്ഷിച്ചത്, “പുനർജനനസ്നാനം കൊണ്ടും പരിശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും തന്നെ” (തിത്തൊ. 3:5). കൊരിന്ത്യയിലെ വിശ്വാസികൾ സ്നാനം ഏറ്റത് “ആത്മാവിനാൽ” ആയിരുന്നു എന്നു പൊലൊസ് പറയുന്നു (1 കൊ. 12:13), പക്ഷെ അത് പരിശുദ്ധാത്മാവിന്റെ സ്നാനം ആയിരുന്നു എന്ന് അവൻ തെളിയിക്കുന്നില്ല. പൗലൊസിന്റെ കാഴ്ച്ചപ്പാടിൽ സ്നാനം കഴുകലാണ്, അത് എപ്പോഴും ആത്മാവിനോടുള്ള പ്രതികരണമാണ്. “സ്നാനം” എന്നത് രൂപകാലങ്കാരമായി പൗലൊസ് ഉപയോഗിച്ചിരിക്കുന്നത്, സന്ദർഭം അനുസരിച്ച് വായനക്കാർ മനസിലാക്കണം.

മൂന്ന്, വ്യാഖ്യാന കാര്യമാണെങ്കിൽ, പുതിയ നിയമത്തിൽ സാധാരണ സ്നാനം എന്നു പറയുന്നത് ജലസ്നാനം ആണ്. യോഹന്നാൻ സ്നാപകൻ സ്നാനം കഴിപ്പിച്ചത് വെള്ളത്തിലായിരുന്നു, അപ്പൊസ്തലന്മാരും അതുപോലെയാണ് സ്നാനം കഴിപ്പിച്ചത് (യോഹ. 4:1, 2). ഫിലിപ്പൊസ് എന്ന സുവിശേഷകനും, ഐത്യോപ്യക്കാരനായ ഷണ്ഡനും “വെള്ളമുള്ളോരു സ്ഥലത്ത്” എത്തിയപ്പോൾ, സുവിശേഷകൻ ഷണ്ഡനെ സ്നാനപ്പെടുത്തി (പ്രവൃ. 8:36). അസംഖ്യം വേദഭാഗങ്ങളിൽ ഈ സത്യം കാണാം. 1 കൊരിന്ത്യർ 12:13 ൽ പറയുന്ന സ്നാനം ജലസ്നാനം ആണെന്ന് വളരെ വ്യക്തമായി പറയാം.

നാല്, യോഹന്നാൻ സ്നാപകന്റെ വാഗ്ദാന നിറവേറലായിട്ടാണ് പുതിയ നിയമത്തിൽ പരിശുദ്ധാത്മ സ്നാനത്തെ കാണുന്നത് (മത്താ. 3:11; മർ 1:8; ലൂക്കൊ. 3:16; പ്രവൃ. 1:5; 11:16). യേശു തന്റെ അനുയായികളെ എല്ലാം പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തിയില്ല. എന്നാൽ അവൻ എല്ലാവരെയും തീയിൽ സ്നാനം കഴിപ്പിക്കും എന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. ജാതികളായ വിശ്വാസികൾക്ക് സ്നാനം വിലക്കരുത് എന്ന് പത്രൊസ് പ്രവൃത്തി 11:15-17 ൽ പറയുന്നത് ഒഴിച്ചു നിർത്താവുന്ന കാര്യമാണ് (പ്രവൃ. 10:47). കൊർന്നെ

ല്യോസും ഭവനവും "യേശുക്രിസ്തുവിന്റെ നാമത്തിലായിരുന്നു" സ്നാനം ഏറ്റത് (പ്രവൃ. 10:48). അതിനു ശേഷമാണ് കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ ഏകാത്മാവിനെ പാനം ചെയ്തത്. അവൻ വെള്ളത്തിൽ സ്നാനം ഏറ്റപ്പോൾ, ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചു, അല്ലെങ്കിൽ അവരുടെ സ്നാനം അർത്ഥശൂന്യമാകുമായിരുന്നു.

## "പല അവയവങ്ങൾ, എന്നാൽ ശരീരം ഒന്ന്"
## (12:14-26)

ആത്മിയ വരങ്ങളെ കുറിച്ചു ചിത്രീകരിച്ച ശേഷം, അത് "പൊതു നന്മക്കായി പ്രദർശിപ്പിക്കുവാൻ" ആവശ്യപ്പെട്ടു (12:7). പിന്നെ അവൻ, താൻ പറഞ്ഞ കാരര്യങ്ങളുടെ പ്രായോഗിക സൂചനകൾ നൽകി. 12:12 ൽ അവൻ തറപ്പിച്ചു പറഞ്ഞു, ഭൗതിക ശരീരത്തെ പോലെ, സഭയാകുന്ന, ആത്മിയ "ശരീരം ഒന്നും" അവയവങ്ങൾ പലതുമാണ്, എന്നാൽ അവയെല്ലാം യോജിച്ച് യുക്തമായി പ്രവർത്തിക്കണം. കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ ആത്മിയ വരങ്ങളെ മാത്രം ശ്രദ്ധിച്ചാൽ ശരീരം മുഴുവനും എങ്ങനെ പ്രവർത്തിക്കണമെന്ന് അവർക്ക് മനസിലാക്കുവാൻ കഴിയാതെ പോകും. തന്റെ ലിസ്റ്റിൽ അന്യഭാഷ അവസാനം പറഞ്ഞതിനാൽ (12:10) ആ വരത്തെ പൗലൊസ് കുറച്ച് കാണുകയായിരുന്നില്ല, കാരണം വരങ്ങളെല്ലാം തുല്യ പ്രാധാന്യമുള്ളവയായിരുന്നു. കൊരിന്ത്യരിൽ സഭയുടെ വളർച്ചക്കായി നൽകിയ ആത്മിയ വരങ്ങളെ ചിലർ ഏറ്റവും ഉയർന്നതായി കണ്ടു എന്നാണ് പൗലൊസ് പറഞ്ഞത്. അങ്ങനെ അത് ശരീരത്തിന്റെ ഭിന്നതക്ക് കാരണമായി. പൗലൊസ് 1 കൊരിന്ത്യ ലേഖനം എഴുതിയപ്പോൾ അവന്റെ മനസിൽ ഐക്യതയായിരുന്നു ഉണ്ടായിരുന്നത്. ആത്മിയ വരങ്ങളെ കുറിച്ച് ചർച്ച ചെയ്യുമ്പോഴായിരുന്നു കൂടുതലായി ഐക്യതയെ ഊന്നി പറയുന്നത്.

**14 ശരീരം ഒരു അവയവമല്ല, പലതത്രെ. 15 ഞാൻ കൈ അല്ലായ്ക കൊണ്ട് ശരീരത്തിലുള്ളതല്ല എന്നു കാൽ പറയുന്നു എങ്കിൽ അതിനാൽ അത് ശരീരത്തിലുള്ളതല്ല എന്നു വരികയില്ല. 16 ഞാൻ കണ്ണ് അല്ലായ്ക കൊണ്ട് ശരീരത്തിലുള്ളതല്ല എന്നു ചെവി പറയുന്നു എങ്കിൽ അതിനാൽ അത് ശരീരത്തിലുള്ളതല്ല എന്നും വരികയില്ല. 17 ശരീരം മുഴുവൻ കണ്ണ് ആയാൽ ശ്രവണം എവിടെ? മുഴുവൻ ശ്രവണം ആയാൽ ഘ്രാണം എവിടെ? 18 ദൈവമോ തന്റെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീരത്തിൽ വെവ്വേറെയായി വെച്ചിരിക്കുന്നു.
19 സകലവും ഒരു അവയവം എങ്കിൽ ശരീരം എവിടെ? 20 എന്നാൽ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നു തന്നെ. 21 കണ്ണിനു കയ്യോട് നിന്നെ കൊണ്ട് എനിക്കാവശ്യമില്ല എന്നും, തലെക്കു കാലുകളോട് നിങ്ങളെ കൊണ്ടഎനിക്ക് ആവശ്യമില്ല എന്നും പറഞ്ഞുകൂടാ. 22 ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങൾ തന്നെ ആവശ്യമുള്ളവയാകുന്നു. 23 ശരീരത്തിൽ മാനം കുറഞ്ഞവ എന്നു തോന്നുന്നവക്ക് നാം അധികം മാനം അണിയിക്കുന്നു. നമ്മിൽ അഴകു കുറഞ്ഞവക്ക് അധികം അഴക് വരുത്തുന്നു. 24 നമ്മിൽ അഴകുള്ള അവയവങ്ങൾക്ക് അത് ആവശ്യമില്ലല്ലൊ. 25 ശരീരത്തിൽ ഭിന്നത വരാതെ അവയവങ്ങൾ അന്യോന്യം ഒരുപോലെ കരുതേണ്ടതിന്നായി ദൈവം കുറവുള്ളതിന് അധികം മാനം കൊടുത്തുകൊണ്ട് ശരീരത്തെ കൂട്ടി ചേർത്തിരിക്കുന്നു. 26 അതിനാൽ ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ**

**അവയവങ്ങൾ ഒക്കെയും കൂടെ കഷ്ടം അനുഭവിക്കുന്നു. ഒരു അവയവ ത്തിന് മാനം വന്നാൽ, അവയവങ്ങൾ ഒക്കേയും കൂടെ സന്തോഷിക്കുന്നു.**

**വാക്യം 14.** ഏക **ശരീരമായ** സഭയെ കുറിച്ചും അതിലെ അവയവങ്ങൾ **പലതാണെന്നും** അവയുടെ സ്വഭാവത്തെ കുറിച്ചും ആ സഹോദരങ്ങൾ അറിയണമെന്ന് പൗലൊസ് ആഗ്രഹിച്ചു. അത് ക്രിസ്തുവിന്റെ ശരീരത്തിന്റെ ക്ഷേമ-ത്തിന് നിർണ്ണായകമായിരുന്നു. ഓരോരുത്തനും, അവനവന്റെ പങ്ക് മനസിലാക്കി അത് മൊത്തം ശരീരത്തിന്റെ വളർച്ചക്ക് ഉപയോഗിക്കണമായി രുന്നു. മറ്റു ക്രിസ്ത്യാനികൾ അവരുടെ പങ്ക് സഭയിൽ ഉപയോഗിക്കുമ്പോൾ അതിനെ അനുമോദിക്കണം. കൊരിന്ത്യയിലെ സഹോദരങ്ങൾ അന്യോന ്യം അവരവരുടെ പ്രവൃത്തികൾ ചെയ്യുവാൻ പരസ്പരം സഹായിക്കയും ചെയ്യണമായിരുന്നു. ആരും ആരെയും കീഴ്പ്പെടുത്തുകയല്ല, മറിച്ച് പരസ്പ രം ബഹുമാനിച്ച് ഉത്തേജിപ്പിക്കുകയായിരുന്നു വേണ്ടത്. ഓരോരുത്തരും മൽസരിക്കാതെ അവനവന്റെ സംഭാനന സഭക്കായി ഉപയോഗിക്കുകയായി രുന്നു ചെയ്യേണ്ടത്.

ഗ്രീക്ക്-റോമാ സമൂഹത്തിലെ സാമ്പത്തികസമൃദ്ധിയിലായിരുന്ന പൗരന്മാർ പ്രചാരംത്തിൽ താഴെക്കിടയിലുള്ളവരിലേക്ക് വിതരണം ചെയ്തി രുന്നു. അതിന്റെ പ്രയോജനം എല്ലാവരിലേക്കും എത്തിയിരുന്നു. യേശുവിന്റെ ജനന സമയത്ത്, ഒരു റോമൻ ചരിത്രകാരൻ ലിവൈ (59-17 ലി. സി.) റോമൻ പ്രമാണിമാരെ കുറിച്ചുള്ള ഐതിഹ്യം പറഞ്ഞിരിക്കുന്നു:

> പുരുഷ അംഗങ്ങൾക്ക് പരസ്പരം യോജിക്കുവാൻ കഴിയാതിരുന്ന കാലത്ത്, ഇനത്തെ പോലെ ആയിരുന്നില്ല. ഓരോരുത്തർക്കും ഓരോ ആശയമാണ് ഉള്ളത്,ശരീരത്തിലെ മറ്റു അവയവങ്ങൾ മറ്റൊന്നും ചിന്തി ക്കാതെ വയറിന്റെ പ്രവർത്തനത്തിൽ മാത്രം ശ്രദ്ധിക്കുമ്പോൾ, മറ്റൊരു ചിന്തയുമില്ലാതെ, തന്നിലേക്ക് വരുന്ന എല്ലാ നന്മയായതും ഉൾക്കൊ ള്ളുന്നു. വായിലേക്ക് കൈ ഒന്നും കൊണ്ടു പോയില്ലെങ്കിൽ, വായ് സ്വീകരിക്കയോ, പല്ല്കൊണ്ട് ചവച്ച് അരച്ച് വയറ്റിലേക്ക് ഒന്നും എത്തി ക്കുകയോ ചേയ്തില്ലെങ്കിൽ വയറ്റിന് ഒന്നും ചെയ്യുവാൻ സാധ്യമല്ല, ഈ അവയവങ്ങൾ ഒന്നിനൊന്ന് ചേർന്ന് പ്രവർത്തിച്ചില്ലെങ്കിൽ ആഹാരം ഇല്ലാതെ വയർ വിശക്കുക മാത്രമല്ല, ശരീരം മുഴുവൻ ബലഹീനമായി തീരും. അപ്പോൾ ശരീരത്തിലെ മറ്റു അവയവങ്ങളെ പോലെ വയറും പ്രവർത്തിക്കാതിരിക്കുന്നില്ല. നമ്മെ ആരോഗ്യ പരിപാലനത്തിൽ നിലന ിർത്തുവാൻ ശരീരത്തിലെ എല്ലാ അവയവങ്ങളും യുക്തമായി ഏകീഭ വിച്ചാണ് പ്രവർത്തിക്കുന്നത്. ...[12]

സാമ്പത്തിക മേഖലയിൽ വിദഗ്ധാഭിപ്രായം ചോദ്യം ചെയ്യപ്പെട്ടേക്കാം, പക്ഷെ ശരീരമാകുന്ന സഭയിലെ വ്യക്തിക്കും ദൈവം നൽകിയ ആത്മിയ വരങ്ങൾ ഉപയോഗിച്ചാൽ മാത്രമാണ് സഭ വളരുന്നത്. ലിവിയുടെ വാദഗതി പൗലൊസിന് അറിയാമായിരുന്നാലും, ഇല്ലെങ്കിലും, ശരീരത്തിന്റെ ക്ഷേമ ത്തിനും, നന്മക്കും, പുരോഗതിക്കും എന്താണ് ആവശ്യം എന്നു പൗലൊസിന് നന്നായി അറിയാമായിരുന്നു.

**വാക്യം 15.** പല നിരീക്ഷണങ്ങളാൽ, പൗലൊസ് അന്യോന്യമുള്ള ആവ

ശ്യത്തെ ഊന്നി പറഞ്ഞിരിക്കുന്നു. **കാലിന്റെ** പ്രവൃത്തിയല്ല കൈക്കുള്ളത് എങ്കിലും, **കൈക്ക്** കാലും കാലിനു കൈയ്യും ആവശ്യമാണെന്ന് അവൻ ബോധ്യമാക്കി. **"ഞാൻ ശരീരത്തിന്റെ ഭാഗം അല്ല"** എന്നു കാൽ വിചാരിച്ചാലും, കാലിന്റെ പ്രവൃത്തി അവഗണിക്കാവുന്നതല്ല. പുറമെ കാണുന്ന വിധത്തിലല്ല ഓരോ അവയവത്തിന്റേയും പ്രവൃത്തികൾ. ഈ സാഹചര്യത്തിൽ കാൽ കാലിന്റെ പ്രവൃത്തി ചെയ്യാതിരുന്നാൽ-ശരീരത്തെ ബാധിക്കും എന്നത് സ്പഷ്ടമാണ്. ശരീരത്തിലെ ഒരവയവവും പ്രവർത്തിക്കുന്നത് സ്വന്ത നിലനിൽപിനു മാത്രമല്ല, പിന്നെയോ ശരീരത്തിന്റെ മുഴുവൻ പ്രയോജനത്തിനു വേണ്ടിയാണ്. അപ്പൊസ്തലന്റെ പോയിന്റ് വളരെ വ്യക്തമാണ്: ശരീരത്തെ മുഴുവൻ പോഷിപ്പിക്കുന്ന രീതിയിലാണ് പലതായ അവയവങ്ങൾ ഓരോന്നും പ്രവർതതിക്കുന്നത്. ശരീരത്തിൽനിന്നകന്ന് ഒരവയവത്തിനും ഒന്നും ചെയ്യുവാൻ സാധ്യമല്ല.

പൗലൊസ് പ്രതികരിച്ചത്, കൊരിന്ത്യ സഭയിലെ അസൂയയോടും, പിണക്കത്തോടും, ഭിന്നതയോടുമായിരുന്നു. ചെറുതും വലുതും, കാണുന്നതും കാണാത്തവയുമായ ആത്മിയ വരങ്ങളുടെ പരിണിതഫലങ്ങൾ വ്യക്തമായിരുന്നു. ശ്രദ്ധിക്കപ്പെടുന്ന ആത്മിയ വരവും ശ്രദ്ധിക്കപ്പെടാത്തവയും ഉണ്ടായിരുന്നു. ആളുകൾ കൂടുതൽ കാംക്ഷിച്ചത് ആകർഷണിയമായവ ആയിരുന്നു.

**വാക്യം 16**. കാലും കയ്യും ചിത്രീകരിക്കുന്നതായിരുന്നു പൗലൊസിന്റെ ആദ്യ സാദൃശം. രണ്ടാമത് ശ്രദ്ധിച്ചത് രണ്ട് ഇന്ദ്രിയാവയവങ്ങളായ **കണ്ണും ചെവിയു**മാണ്. ശരീരത്തിലെ അവയവങ്ങളുടെ സ്വാശ്രയ വ്യത്യാസത്തെ കുറിച്ചായിരുന്നില്ല പൗലൊസ് വിവരിച്ചത്, മറിച്ച് വ്യക്തിളടങ്ങുന്ന സഭയുടെ ക്ഷേമത്തെ കുറിച്ചായിരുന്നു പൗലൊസിന്റെ ഉൽക്കണ്ഠ. താരതമ്യം ചെയ്യുന്നത് പിന്നീടാണ് (12:21), എന്നാൽ ഈ സമയത്ത്, പൗലൊസ് കാലും ചെവിയും അവയുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളെയാണ് വിവരിക്കുന്നത്. ചിത്രീകരണത്തിൽ പറഞ്ഞ കാലിന് കയ്യിന്റെ പ്രവൃത്തിയോട് താൽപര്യമുള്ളതായോ അല്ലെങ്കിൽ അനുമോദിക്കുന്നതായോ പറയുന്നില്ല. അതുപോലെ, കണ്ണിനു ചെവിയോടോ, ചെവിക്ക് കണ്ണിനോടോ ഉള്ളതായി തോന്നുന്നില്ല. എന്നാൽ അവയവങ്ങൾ ഓരോന്നും അതതിന്റെ പ്രവൃത്തി തടസംകൂടാതെ ചെയ്തു വരുന്നു.

അപ്പൊസ്തലന്റെ സാദൃശത്തിൽ, കാലും ചെവിയും അവരുടേതായ ചെറിയ ലോകത്തിൽ ഒതുങ്ങി കഴിയുന്നു. അറിഞ്ഞോ അറിയാതെയോ, മറ്റുള്ള അവയവങ്ങളുടേയും തങ്ങളുടേയും പ്രവൃത്തിയുടെ അനന്തരഫലം അനുഭവിക്കുന്നു. മുൻപിൽ നിന്നു പ്രവർത്തിക്കുന്ന വ്യക്തിയായാലും, പിന്നിൽ നിന്നു പ്രവർത്തിക്കുന്ന ആളായാലും സമൂഹത്തിന്റെ നന്മക്കായി അവനവൻ ദൈവം നൽകിയ കഴിവ് അനുസരിച്ച് പ്രവർത്തിക്കുന്നു. അത് ഭൗതികവും, വൈകാരികവും, ആത്മികവുമായ പുരോഗതിക്ക് അനിവാര്യമാണ്. കൊരിന്ത്യയിലെ ആത്മാവ്-നൽകിയ വരങ്ങളുള്ള ക്രിസ്ത്യാനികൾ കണ്ണും ചെവിയും പോലെയുള്ള അവവയങ്ങളെ പോലെ ആയാലും ഓരോ പ്രതിനിധിയായിട്ടാണ് പ്രവർത്തിക്കുന്നത്.

**വാക്യം 17**. കണ്ണിന്റെ പ്രവൃത്തി ചെവിയുടേതിനേക്കാൾ പ്രാധാന്യമുള്ളതെന്ന് പറയുകയായിരുന്നില്ല അപ്പൊസ്തലന്റേത്. അവയവങ്ങളുടെ സ്വതന്ത്ര പ്രവർത്തനമായിരുന്നു അപ്പൊസ്തലന്റെ ചിന്തയിലൽ. എല്ലാ അവയവങ്ങളുടേയും കൂട്ടായ പ്രവർത്തനമില്ലെങ്കിൽ ഒരു അവയവത്തിനും ഒന്നും ചെയ്യു

വാൻ കഴിയുകയില്ല. **ശരീരം മുഴുവൻ കണ്ണ് ആയാൽ കേൾവി എവിടെ?** എന്നായിരുന്നു അപ്പൊസ്തലന്റെ ചോദ്യം. അവന്റെ ചർച്ച കണ്ണോ അല്ലെങ്കിൽ ചെവിയോ, കാലോ കയ്യോ ആയിരുന്നില്ല, ശരീരം മുഴുവനും ആയിരുന്നു അപ്പൊസ്തലന്റെ ചിന്തയിൽ.

പൗലൊസ് പറഞ്ഞത് കൊരിന്ത്യർക്ക് മനസിലായി കാണും എന്ന കാര്യത്തിൽ സംശയമില്ല. അവർ ഒരുപക്ഷെ തിരിച്ചറിയുന്നതിനു മുൻപ് താരതമ്യം ചെയ്തിരിക്കാം. അതുപോലെയായിരുന്നു യേശുവിന്റെ കേൾവിക്കാർക്ക് ഉപമകളും. "സഭയിലെ അംഗങ്ങളെല്ലാവരും വിശപ്പുള്ളവരെ പോഷിപ്പിക്കുകയാണെങ്കിൽ, വിശ്വാസത്തിൽ ബലഹീനരെ ആർ നോക്കും?" ഭൗതികശരീരം ഭക്ഷണ വിതരണത്തിനായി ഏൽപ്പിക്കുകയാണെങ്കിൽ വിവിധ അംഗങ്ങൾക്കുള്ള സേവനം ഇല്ലാതാകുമല്ലൊ. സഭയിലെ എല്ലാ അംഗങ്ങളുടേയും കഴിവുകളും, താൽപര്യവും, അനുഭവവും എല്ലാം ഒന്നു തന്നെയാണെങ്കിൽ, ആ സഭ എത്ര അപ്രസന്നമായിരിക്കും എന്ന് ഓർക്കുക.

**വാക്യം 18.** ദൈവം ഓരോരുത്തർക്ക് പ്രാപ്തി പോലെ അവരുടെ താലന്തുകൾ ഉപയോഗിച്ച് ദൈവഹിതം നിറവേറ്റുവാനാണ് അവൻ ആഗ്രഹിക്കുന്നത്. **അംഗങ്ങൾക്ക് വിവിധ ചുമതല നൽകുന്നത് അവൻ ആണ്**-അത് ഭൗതിക ശരീരത്തിലും, ക്രിസ്തുവിന്റെ ആത്മിയ ശരീരമായ സഭയിലും വാസ്തവമാണ്. ശരീരത്തിൽ അവയവങ്ങളെ അതാത് സ്ഥാനത്ത് വെച്ചിരിക്കുന്നത് ദൈവം ആണ്. അത് അങ്ങനെയാണെങ്കിൽ, ഒരു വരവും് മറ്റൊരു അവയവത്താൽ ശക്തി വർദ്ധന വരുത്തുവാനല്ല ദൈവം രൂപപ്പെടുത്തിയിരിക്കുന്നത്. ആകയാൽ, ക്രിസ്ത്യാനികൾ, അവർ ആരാണ്, എന്തു ചെയ്യുന്നു എന്നു മനസിലാക്കി അന്യോന്യം ബഹുമാനിക്കണം. പരിശുദ്ധാത്മാവ് ദൈവികത്വത്തിലെ ഒരു ഭാഗം ആണെന്ന് അപ്പൊസ്തലന് പറയേണ്ട ആവശ്യമില്ല; മുൻപ് വിവരിച്ച വരങ്ങളും ഇപ്പോൾ പറയുന്നതും ആത്മാവിനാൽ ലഭിച്ചവയായാതുകൊണ്ട് ദൈവത്തിനായി ഉപയോഗിക്കണം.

**വാക്യം 19.** കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ എങ്ങനെ ഓരോന്നു ചെയ്യണമെന്ന് തീരുമാനിച്ചാലും ശരി, അവരുടെ ആത്മിയതയോട് പൗലൊസ് വിയോജിക്കുകയായിരുന്നു. സഭയിൽ ആയിരിക്കുമ്പോൾ, ഓരോരുത്തരും ക്രിസ്തുവിനെ പോലെയാകുവാനാണ് പൗലൊസ് പറയുന്നത്. ആത്മാവ് സഭയിലെ അംഗങ്ങൾക്കെല്ലാം ഒരേ വരമാണ് നൽകുന്നതെങ്കിൽ, പൗലൊസ് ചോദിക്കുന്നത് **പിന്നെ ശരീരം എവിടെ?** ശരീരത്തിന്റെ വ്യത്യസ്ത പ്രവൃത്തികൾ ചെയ്യുവാൻ വിവിധ അവയവങ്ങൾ ആവശ്യമാണ്, അല്ലെങ്കിൽ ശരീരമാകുകയില്ല.

തങ്ങൾ ആത്മിയരാണെന്ന് കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ അഹങ്കരിച്ചിരുന്നു, അവർ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിച്ചത് അവരുടെ ജ്ഞാനത്താലായിരുന്നു. അവരുടെ ജ്ഞാനത്തിന്റെ പ്രേരണയാൽ ചിലർ അസെറ്റിസിസം സ്വീകരിക്കുവാനിടയായി. "സ്ത്രീയെ തൊടാതിരിക്കുന്നത് നന്ന്" എന്നതായിരുന്നു അവരുടെ ചിന്ത (7:1). സ്വന്തം-ഇഷ്ടം സാധിക്കലടക്കമുള്ള തങ്ങളുടെ സഹിഷ്ണുതയും അമാനുഷ ജ്ഞാനത്തിന്റെ തെളിവാണെന്ന് അവർ അവകാശപ്പെട്ടു (5:1, 2). അപ്പൊസ്തലൻ അവരോട് വെല്ലുവിളിച്ചു: ജ്ഞാനം സമ്പാദിക്കുന്നത് ആത്മിയതക്ക് ഉറപ്പ് നൽകുന്നില്ല; നേരെ മറിച്ച് അവർ ദൈവത്തെ പ്രസാദിപ്പിക്കുന്നവരല്ല എന്ന് അവരുടെ പെരുമാറ്റം വ്യക്തമാക്കുന്നു.

തങ്ങൾക്ക് ആത്മിയ വരങ്ങൾ ലഭിച്ചതുകൊണ്ട് അവർ ആത്മിയരാണെന്ന്

കൊരിന്ത്യയിലുള്ളവർ ആത്മിയരാണെന്ന് ധരിച്ചിരുന്നു. അമാനുഷമായ ആത്മിയ വരങ്ങളെ സംബന്ധിച്ച അവരുടെ ധാരണയെ 12 മുതൽ 14 വരെയുള്ള അദ്ധ്യായങ്ങളിൽ പൗലൊസ് ചോദ്യം ചെയ്തിരിക്കുന്നു. അവർക്ക് ലഭിച്ച അന്യഭാഷാ വരത്തെ മറ്റു വരങ്ങളേക്കാൾ അവർ മൂല്യമുള്ളതായി കണ്ടു 12:8-10. ആത്മിയതയെ കുറിച്ചുള്ള അവരുടെ ചിന്തയെ പുനഃപരിശോധിക്കുവാൻ പൗലൊസ് ആവശ്യപ്പെട്ടു; ശരിയായ ആത്മിയതയിലേക്ക് ആളുകളെ നയിക്കുന്നത് സ്നേഹമായിരിക്കും. ശരീരത്തിൽ ഐക്യത കൈവരിക്കുവാൻ, ആത്മാർത്ഥമായ ആത്മിയത ലഭിക്കുവാൻ, ജ്ഞാനമല്ല, താഴ്മയാണ് ആവശ്യം; അത്ഭുത ശക്തിയേക്കാളും അന്യഭാഷയേക്കാളും ഉയർന്ന മൂല്യം സ്നേഹത്തിനാണെന്ന് സഹോദരങ്ങൾ മനസിലാക്കണമായിരുന്നു.

**വാക്യം 20**. അപ്പൊസ്തലന്റെ രൂപകാലങ്കാരം പ്രായോഗികമാക്കുന്നത് സംശയ രഹിതമായിരുന്നു. പല അവയവങ്ങളാൽ രൂപപ്പെടുത്തിയതാണ് ഭൗതിക ശരീരമായാലും, ആത്മിക ശരീരമായാലും. ശരീരത്തിന്റെ മുഴുവൻ പോഷണത്തിനായിട്ടാണ് ഓരോ അവയവും പ്രവർത്തിക്കുന്നത്. ഒരു സഭക്ക് മറ്റൊരു വിധത്തിൽ, പ്രവർത്തിപ്പാൻ സാധ്യമല്ല. കാരണം, **ശരീരം ഒന്നും, അവയവങ്ങൾ പലതും** എന്നാണ് ദൈവം കൽപിച്ചിരിക്കുന്നത്.

ഒന്നാം നൂറ്റാണ്ടിന്റെ അവസാനം ജീവിച്ചിരുന്ന ഒരു സ്റ്റോയിക് ഫിലോസഫർ വിസ്തൃതമായ മനുഷ്യ കുടുംബത്തിലെ അംഗങ്ങളുടെ പങ്കാളിത്വത്തെ അദ്ദേഹം ചോദ്യോത്തരത്തിലൂടെ വ്യക്തമാക്കുന്നു. "നിങ്ങൾ എന്താണ്?" എന്ന് ചോദിച്ചിട്ട് അതിനു ഉത്തരവും നൽകുന്നു:

> ഒരു മനുഷ്യൻ. വേർപിരിക്കപ്പെട്ട വസ്തുവാണ് നിങ്ങൾ എന്നു കരുതുക, പ്രായമാകുന്നതു വരെ ജീവിക്കുക, ധനം സമ്പാദിക്കുക, ആരോഗ്യം ആസ്വദിക്കുക എന്നിവയിൽ ശ്രദ്ധിക്കും. പക്ഷെ നിങ്ങൾ ഒരു മനുഷ്യനാണെന്നും, ഒരു മുഴു കുടുംബത്തിന്റെ ഭാഗമാണെന്നും കരുതിയാൽ, ഇപ്പോൾ നിങ്ങൾക്ക് പനി എന്ന രോഗം വരുന്നു, സാഹസികമായി യാത്ര ചെയ്യുന്നു, ഇപ്പോൾ ആഗ്രഹങ്ങളുണ്ട്, സമയത്തിന് മുമ്പ് മരിക്കയും ചെയ്യുന്നു. പിന്നെ, എന്തിനാണ് നിങ്ങൾ ശല്യപ്പെടുത്തുന്നത്? കാൽ ഛേദിക്കപ്പെട്ടാലുള്ള അവസ്ഥയെ കുറിച്ച് ചിന്തിക്കുക, പിന്നെ അത് കാലായിരിക്കുകയില്ല, നിങ്ങൾ ഒരു മുഴു മനുഷ്യനും ആയിരിക്കുകയില്ലല്ലൊ? ഒരു അവസ്ഥയുടെ ഭാഗമായി തീരുന്നു. മനുഷ്യരുടേയും ദേവന്മാരുടേയും അവസ്ഥ അതാണ്. ഓരോരുത്തരേയും കാണാൻ അടുത്തടുത്തിരിക്കുന്നു. പ്രപഞ്ചത്തിന്റെ അവസ്ഥയുടെ ഒരു ഭാഗം. ... നിങ്ങളുടെ ആർക്കെങ്കിലും, ഒരു രോഗം വരുമ്പോൾ, നിങ്ങളുടെ ആരെങ്കിലും ദുരെ യാത്രക്ക് പോകുമ്പോൾ, ആരെങ്കിലും മരിക്കുമ്പോൾ, ആരെയെങ്കിലും ശിക്ഷിക്കുമ്പോൾ നിങ്ങളുടെ സ്ഥിതി എന്തായിരിക്കും? ആ ശരീരങ്ങളൊന്നും നമ്മുടേതല്ലെങ്കിലും, അവർക്ക് സംഭവിക്കുന്നത് നമ്മെയും ബാധിക്കും എന്നത് തർക്കമില്ലാത്ത കാര്യമാണ്. കാരണം മനുഷ്യൻ അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു.[13]

**വാക്യം 21.** ഇതുവരെയും, അപ്പൊസ്തലൻ ശരീരത്തിലെ വൈവിധ്യങ്ങളെ കുറിച്ചാണ് സംസാരിച്ചത്. ശരീരത്തിലെ ഒരു അവയവം മറ്റു അവയവങ്ങളെ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. ആത്മാവ് താൻ ഇഛിക്കും പോലെയാണ് ഓരോരുത്തർക്കും വിവിധ

വരങ്ങൾ പകുത്തു കൊടുക്കുന്നത്. ഓരോ ക്രിസ്ത്യാനിയും അവനവന്റെ നിലയിൽ സഭയുടെ പ്രവർത്തനങ്ങളിൽ പങ്കു ചേരുന്നു. കാലിന് കയ്യും, ചെവിക്ക് കണ്ണും ആവശ്യമാണ്, ശരീരത്തിന്റെ നന്മക്കായി സഹോദരീസഹോദരന്മാർ എല്ലാവരും പരസ്പരം ആശ്രയിച്ച് പ്രവർത്തിക്കുന്നു. നിഷേധമായി ചിന്തിച്ചാൽ, **എനിക്ക് നിന്നെ കൊണ്ട് ആവശ്യമില്ല** എന്നു പറഞ്ഞാലും, അപ്പൊസ്തലൻ തന്റെ മുൻ പ്രബോധനത്തിൽ 12:21 ൽ വളരെ വ്യക്തമാക്കിയിരുന്നു ഒരു ക്രിസ്ത്യാനിക്ക് മറ്റൊരു ക്രിസ്ത്യാനിയെ അപകീർത്തിപ്പെടുത്തുവാൻ അവകാശമില്ല, കാരണം മറ്റുള്ളവരുടെ പ്രവൃത്തി തന്റേതിൽനിന്നു വിഭിന്നമാണ്.

അവയവങ്ങൾ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നു ബോധ്യപ്പെടുത്തുവാൻ മുൻപ് അപ്പൊസ്തലൻ കണ്ണ്, കാല്. ചെവി എന്നിവയെ എടുത്തു കാണിച്ചിരുന്നു. ആഗ്രഹിക്കത്തക്ക ആത്മിക വരങ്ങൾ ലഭിച്ചവർ അവ ലഭിക്കാത്തവരെ ആക്ഷേപിച്ചിരുന്നു (12:15, 16). തന്നെയുമല്ല ആ വരങ്ങൾ ലഭിച്ചതിനാൽ തങ്ങളെ മറ്റുള്ളവരേക്കാൾ ഉയർന്നവരാണെന്ന് ഡംഭ് കാണിക്കുവാൻ തുടങ്ങി. കുറഞ്ഞ വരം ലഭിച്ചവരേയും, വരങ്ങൾ ലഭിക്കാത്തവരേയും തങ്ങൾക്ക് ആവശ്യമില്ല എന്ന ചിന്തയാണ് അവരെ ഭരിച്ചിരുന്നത്. ആത്മിയ വരങ്ങൾ ലഭിച്ചവരും, സമ്പൽ സമൃദ്ധി ലഭിച്ചവരും തങ്ങളെ മറ്റുള്ളവരുമായ താരമ്യം ചെയ്യുവാൻ തുടങ്ങി. പണക്കാർ ഒരുമിച്ച് ഭക്ഷിക്കുവാനായി പാവപ്പെട്ടവരിൽനിന്നും അകന്നിരുന്നു (11:20, 21). രണ്ട് സംഭവങ്ങളിലും ബാധിച്ചത് സഭയുടെ ഐക്യതയെയാണ്.

ഇന്ന് സഭയിൽ, പുരാതന ഇടവകയോട് പൗലൊസ് പറഞ്ഞതുപോലെ, ചെറിയ പ്രവർത്തികൾ ചെയ്യുന്നതിന്റെ പരിണിത ഫലം ചെറിയതാകയാൽ അവർ നിരാശപ്പെടുവാനിടയാകരുത്. ശരീരത്തിലെ ഓരോ അവയവും പ്രാധാന്യമുള്ളവയാണ്. സഭയിൽ കാണത്തക്ക പ്രവൃത്തികൾ ചെയ്യുന്നവർ ശ്രദ്ധിക്കപ്പെടുവാനും കാണപ്പെടാത്ത കാര്യങ്ങൾ ചെയ്യുന്നവരെ ശ്രദ്ധിക്കപ്പെടാതിരിപ്പാനും സാധ്യതയുണ്ട്. തടസങ്ങളില്ലാതെ എല്ലാ അവയവങ്ങളും സഭയുടെ വളർച്ചക്ക് അവനവന്റെ പ്രവൃത്തി ചെയ്യുമ്പോഴാണ് സഭ വിജയിക്കുന്നത്.

**വാക്യം 22**. ശരീരത്തിലെ **ബലഹീന ഭാഗങ്ങളെന്നു തോന്നുന്നവ**യെ ശ്രദ്ധിക്കപ്പെടാതിരിപ്പാൻ ഇടയുണ്ട്. അതുപോലെ, ശാന്തമായി തന്റെ പ്രവൃത്തി ചെയ്യുന്നതും അറിയപ്പെടാതിരിക്കാൻ സാധ്യതയുണ്ട്. ശരീര സാദൃശത്തിലേക്ക് മടങ്ങി വന്നാൽ, ആന്തരികമായ അവയവങ്ങളായ ഹൃദയം, വൃക്ക, ശ്വാസകോശം എന്നിവ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് നാം കാണുന്നില്ല. അവ പ്രവർത്തിച്ചില്ലെങ്കിൽ, ശരീരം കുഴഞ്ഞു വീഴും; അതോടൊപ്പം, കണ്ണ്, കാൽ, കയ്യ്, തലച്ചോറ് എന്നിവയുടെ പ്രവർത്തനങ്ങളും നമുക്ക് കുറച്ചു കാണുവാൻ കഴിയുകയില്ല. ഇന്ദ്രിയങ്ങളെല്ലാം മസിലുകൾക്കും മറ്റും ശരിയായ വിവരം എത്തിച്ച് എല്ലാ അവയവങ്ങളും **ശരിയായി പ്രവർത്തിക്കണം** എന്നർത്ഥം. ശരീരത്തിലെ കൂടുതൽ ശ്രദ്ധിക്കപ്പെചടാത്ത ഭാഗങ്ങളുടേയും പ്രവർത്തനം ഒന്നിനൊന്നു ബന്ധപ്പെട്ടാണിരിക്കുന്നത്. അതുപോലെ കർത്താവിന്റെ ശരീരമാകുന്ന സഭയിലെ ആളുകൾ ചെയ്യുന്ന ചെറിയ പ്രവൃത്തി പോലും മാറ്റി നിർത്താവുന്നതല്ല. വ്യക്തിപരമായ അംഗീകാരത്തേക്കാൾ സഭയുടെ ക്ഷേമം-ആകണം ഓരോരുത്തരുടേയും ലക്ഷ്യം.

**വാക്യം 23**. ശരീരത്തിലെ ചില അവയവങ്ങളുടെ പ്രവൃത്തികൾ അനിവാര്യമാണ്, പക്ഷെ അവ സംഭാഷണങ്ങളിൽ പോലും വരാറില്ല. അവ വ്യക്തി

പരമായും രഹസ്യമായും പ്രവർത്തിക്കുന്നതാക കൊണ്ട് അവയെ **അധികം മാനിക്കാറില്ല**. അവക്ക് **മാന്യത നൽകുവാനായി** ആളുകൾ അവയെ മൂടി സൂക്ഷിക്കുന്നു. ആകയാൽ **അവതരിപ്പിക്കുവാനാകാത്ത ഭാഗങ്ങൾ അങ്ങനെ അവതരിപ്പിക്കാവുന്ന വിധത്തിലാക്കുന്നു**. വേദഭാഗത്തിലുടനീളം അപ്പൊസ്തലൻ ഊന്നി പറയുന്നത് ശ്രദ്ധയോടെ പൗലൊസിന്റെ ലേഖനം വായിക്കുന്ന കൊരിന്ത്യർക്ക് മനസിലാകും: "ജ്ഞാനിയെ വജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായത് തിരഞ്ഞെടുത്തു, ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു" (1:27; 2:3; 4:10; 9:22).

ഭൗതിക ശരീര ഭാഗങ്ങളെയും ആത്മിക ശരീര ഭാഗങ്ങളെയും അവയുടെ വിവിധ പ്രവർത്തനങ്ങളെയും അപ്പൊസ്തലൻ തുടർന്നും താരതമ്യം ചെയ്യുകയാണ്. സഭയുടെ പ്രവർത്തനത്തിന്, ഐക്യതയും പരസ്പരബന്ധവും, നല്ല മനസും വേണമെന്നതായിരുന്നു പൗലൊസ് ഊന്നി പറഞ്ഞത്. സഭയിൽ മാനം കുറഞ്ഞ അംഗങ്ങൾക്ക് നാം കൂടുതൽ മാനം കൊടുത്ത് കർത്താവിന്റെ സേവനത്തിന് വില കൽപിക്കണമെന്നാണ് പൗലൊസ് വീണ്ടും ഉറപ്പിച്ചു പറയുന്നത്. കർത്താവ് തങ്ങളുടേയും പ്രവൃത്തികൾ മാനിക്കുന്നുണ്ട് എന്ന് ചി അംഗങ്ങളെ വീണ്ടും ഒർപ്പിക്കേണ്ടത് അനിവാര്യമായിരുന്നേക്കാം. കുറച്ചു മാത്രം ശ്രദ്ധിക്കപ്പെടുന്ന പ്രവൃത്തി ചെയ്യുന്നവരെ നാം "കൂടുതൽ മാനിക്കണം" എന്നാണ് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നത്.

**വാക്യം 24**. ശരീരത്തിന്റെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നത് ചെറുതായാലും വലുതായാലും, കുറഞ്ഞ മാനമുള്ളതായാലും **അധികമാനം ഉള്ളതായാലും** അവ ഓരോന്നും ശരീരത്തിന് ആവശ്യമാണെന്ന് കരുതണം. സഭയിൽ, "മാനം കുറഞ്ഞ" അംഗങ്ങളുടെയും പ്രവർത്തനം സഭയുടെ ക്ഷേമത്തിന് അനിവാര്യമാണ്. സഭയിലെ ചില അംഗങ്ങളെ താഴ്ത്തി കെട്ടുവാനോ, അവരെ പരസ്യമായ കാഴ്ച്ചയാക്കാനോ പൗലൊസ് ആഗ്രഹിച്ചില്ല. എല്ലാ അംഗങ്ങളെയും ഒരുമിച്ച് ഉയർത്തുവാനാണ് അവൻ ആഗ്രഹിച്ചത്. ശരീരത്തിലെ ഓരോ അവയവത്തിന്റേയും വില തീർച്ചയുള്ളതാണ് കാരണം **ദൈവം അങ്ങനെയാണ് രൂപപ്പെടുത്തിയത്**, [ആൻ അയോറിസ്റ്റ് συνκεράννυμι, *സൺകരാനുമി*, "ഏർപ്പെടുത്തുക," അല്ലെങ്കിൽ "ഒരുമിച്ച് ചേർത്തിരിക്കുന്നു]" അത് ഏക ശരീരത്തിൽ എല്ലാ അവയവങ്ങൾക്കും ഒരുപോലെ മാനം കിട്ടേണ്ടതിനാണ് "ഏക ശരീരമായി യോജിച്ച് പ്രവർത്തിക്കത്തക്ക രീതിയിലാണ് അവയവങ്ങളെ ചേർത്ത് വെച്ചിരിക്കുന്നത്." എന്നാണ് ലിയോൺ മോറിസ് എഴുതിയത്.[14] .അങ്ങനെയാണ് വിവിധ അവയവങ്ങളെ അവൻ ഘടിപ്പിച്ചിരിക്കുന്നത്. എന്നാൽ കൊരിന്ത്യർ അതിനെ സ്വന്ത അഭിമാനത്തിനായി ഉപയോഗിച്ചതായിരുന്നു അവരുടെ വീഴ്ച്ച.

**വാക്യം 25.** ഏകദേശം ഇരുന്നൂറു വർഷങ്ങൾക്ക് മുൻപ്, പുനരേകീകരണ ശുശ്രൂഷകൻ ഐർലന്റിൽനിന്നു അമേരിക്കയിലേക്ക് കുടിയേറി പാർത്തപ്പോൾ, ക്രിസ്തുവിന്റെ സഭ വിഭജിക്കപ്പെട്ട നാമധേയ വിഭാഗമായി തീർന്നതായി അദ്ദേഹം കണ്ടു ക്രിസ്തീയ ഐക്യം അത്ര അകലെയല്ല എന്ന് തോമസ് കാമ്പെൽ മനസിലാക്കി. അദ്ദേഹം നിരീക്ഷിച്ചതായ പതിമൂന്നു മുൻപദങ്ങൾ എഴുതിയിരിക്കുന്നത് നോക്കാം,

> ഭൂമിയിൽ ക്രിസ്തുവിന്റെ സഭ അത്യാവശ്യമായും ഭരണപരമായും ഒന്നു തന്നെയാണ്; ഇക്കാലമത്രയും, അതിലെ അംഗങ്ങൾ തിരുവെഴുത്തിലെ

> കർത്താവിന്റെ ഉപദേശങ്ങൾ പാലിച്ചു വരുന്നു. അവരുടെ സ്വഭാവവും പ്രവർത്തിയും അതല്ലാതെ മറ്റൊന്നല്ല കാണിക്കുന്നത്; മറ്റാരെയും നമുക്ക് വാസ്തവത്തിൽ ക്രിസ്ത്യാനികൾ എന്നു വിളിക്കുവാൻ സാധ്യമല്ല.[15]

പൗലൊസിന് എതിർക്കുവാൻ കഴിയാത്തതായിരുന്നു കാമ്പെലിന്റെ വാദം ഒരു ഉപദേഷ്ടാവിനേക്കാൾ മറ്റൊരു ഉപദേഷ്ടാവിന് ആളുകൾ മുൻഗണന കൊടുത്ത് കക്ഷികൾ രൂപപ്പെട്ടത് പൗലൊസിന് അറിയാമായിരുന്നു. സാമൂഹ്യ നിലവാരം, ധനം എന്നിവയാൽ ആളുകൾ തങ്ങൾക്കിടയിൽ കൃത്രിമ വേലിക്കെട്ടുകൾ പണിതു. ഇഷ്ടാനിഷ്ടങ്ങളും, അഭിപ്രായ വ്യത്യാസങ്ങളും ഭിന്നതക്ക് കളമൊരുക്കി. ഭിന്നത വളർത്തിയത് അംഗങ്ങൾക്കുള്ളിലെ പാപവും നിഗളവുമാണ് എന്ന് അപ്പൊസ്തലൻ മനസിലാക്കി. എന്നാൽ കർത്താവ് തന്റെ സഭയെ ഒന്നായി നിലനിർത്തുവാനാണ് ആഗ്രഹിച്ചത്. സഭയിൽ **ഭിന്നത ഭവിക്കാതിരിക്കുവാനാണ്** ദൈവം അങ്ങനെ അതിനെ സംഘടിപ്പിച്ചിരിക്കുന്നത് വ്യക്തികളായ ക്രിസ്ത്യാനികൾ **എങ്ങനെ അന്യോന്യം കരുതേണം** എന്ന് ബോധ്യപ്പെടുത്തുവാൻ അപ്പൊസ്തലൻ ശരീരാവയവങ്ങൾ എപ്രകാരം പ്രവർത്തിക്കുന്നു എന്നു കാണിച്ചു കൊടുത്തു. ദൈവം തന്റെ ശരീരമായ, സഭയുടെ പദ്ധതി ആവിഷ്ക്കരിച്ചത്, അംഗങ്ങളെല്ലാം ഒരുമിച്ച് ചേർന്നിരിക്കുവാനായിരുന്നു. ഓരോരുത്തർക്ക് ദൈവം നൽകിയ കഴിവ് അനുസരിച്ചായിരുന്നു പ്രവർത്തിക്കേണ്ടത്. അതേ സമയം, ആ തീഷ്ണതയോടെ, ക്രിസ്തീയ മനോഭാവത്തിൽ ജീവിച്ച് പ്രവർത്തിക്കണമെന്ന് തന്റെ വായനക്കാർ മനസിലാക്കണമെന്ന് പൗലൊസ് ആഗ്രഹിച്ചു.

**വാക്യം 26**. ശരീരത്തെ ബാധിക്കാതെ ഒരു അവയവത്തിനും ഒന്നും ചെയ്യുവാൻ സാധ്യമല്ല. അംഗങ്ങൾ അന്യോന്യം ബഹുമാനിക്കുമ്പോൾ, അവർ ശരീരത്തെയാണ് ബഹുമാനിക്കുന്നത്. ഒരു അവയവത്തിന് കഷ്ടത ഏറ്റാൽ ശരീരം മുഴുവൻ കഷ്ടപ്പെടുന്നു. സാമൂഹ്യമായ ഉൽസാഹ ഫലമാണ് സന്തോഷവും ആഘോഷവും (റോമ. 12:15). ക്രിസ്ത്യാനികൾ കരയുന്നവരോടുകൂടെ കരയുകയും ചിരിക്കുന്നവരോടുകൂടെ ചിരിക്കുകയും ചെയ്യുമ്പോൾ, കർത്താവ് അവരെ ഏൽപിച്ച കൽപനകൾ പ്രമാണിക്കുന്നുണ്ടോ എന്നു പരിശോധിക്കണം. ശരീരത്തിൽ ഓരോന്നു പങ്കിടുന്ന ക്രിസ്ത്യാനികൾ ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാത്തുകൊള്ളുകയും വേണം. ആത്മിയ വരങ്ങൾ സഭയുടെ ഉയർച്ചക്കായി ചേർന്നു പ്രവർത്തിച്ചാൽ ഭിന്നത ഒഴിവാക്കാം.

വ്യക്തി സ്വാതന്ത്ര്യത്തിന് ഊന്നൽ കൊടുക്കുന്ന പാശ്ചാത്യ സംസ്കാരത്തിൽ, ക്രിസ്ത്യാനിത്വം എന്നത്, ഒരു സാമൂഹ്യാനുഭവം ആണ്. ശരീരം ഒന്നായി പ്രവർത്തിച്ചാൽ മാത്രമെ ശരീരത്തിന്റെ ഐക്യത നിലനിൽക്കുകയുള്ളു, അപ്പോൾ മാത്രമേ ക്രിസ്തുവിനോട് ചെർന്നു പ്രവർത്തിക്കുവാൻ കഴിയുകയുള്ളു. ഇന്ന് മതപരമായ ആളുകൾ ചോദിക്കുന്നത്, "ക്രിസ്തു നിങ്ങളുടെ വ്യക്തിപരമായ രക്ഷകൻ ആണോ?" എന്നതാണ്. വെറും ഒരു ചടങ്ങല്ലാതെ ക്രിസ്തുവിനെ കൈക്കൊള്ളുക എന്ന അർത്ഥമായിരിക്കാം അവർ ഉദ്ദേശിക്കുന്നത്. ഏങ്ങനെയായാലും, രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ എന്തു ചെ.യ്യണമെന്ന് ദൈവം കൽപിച്ചിരിക്കുന്നു. സുവിശേഷ സന്ദേശം കേട്ട് വിശ്വസിക്കുകയും, പാപങ്ങളെ ഉപേക്ഷിച്ച്, യേശു ദൈവപുത്രനാണെന്ന് ഏറ്റു പറഞ്ഞ്, പാപമോചനത്തിനായി സ്നാനം ഏറ്റു ക്രിസ്തു

വിനോട് ചേരുവാനാണ് ദൈവം കൽപിച്ചിരിക്കുന്നത് (പ്രവൃ. 2:38; റോമ 10:8–10; 1 കൊ 1:21). ക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ച് അവനെ സേവിക്കുവാൻ ആഗ്രഹിക്കുന്നവർ അവന്റെ കൽപനകൾ അനുസരിച്ചവരുടെ മാതൃക ബൈബിളിൽനിന്നു ശ്രദ്ധയോടെ മനസിലാക്കണം. സഭയെ മനസിലാക്കുവാൻ പൗലൊസ് ശരീരത്തിന്റെ പ്രവൃത്തിയ സാദൃശമാക്കി പറഞ്ഞിരിക്കുന്നു. യേശു തന്നെ മുന്തിരിവള്ളിയോട് ഉപമിച്ച് ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിൽ കൊമ്പുകളായിട്ടാണ് വസിക്കുന്നത്. ക്രിസ്തുവിൽ വസിക്കാതെ വ്യക്തികളായ വിശ്വാസികൾക്ക് ഒന്നും ചെയ്യുവാൻ സാധ്യമല്ല (യോഹ. 15:1–11). അതുപോലെ കർത്താവിന്റെ സഭയിലെ അംഗത്വമില്ലാതെ അവർക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാനോ മഹത്വപ്പെടുത്തുവാനോ കഴിയുകയില്ല.

## "ശ്രേഷ്ഠ വരങ്ങൾക്കായി വാഞ്ഛിപ്പിൻ" (12:27-31)

**[27]എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു [28]ദൈവം സഭയിൽ ഒന്നാമത് അപ്പൊസ്തലന്മാർ, രണ്ടാമത് പ്രവാചകന്മാർ, മൂന്നാമത് ഉപദേഷ്ടാക്കന്മാർ എന്നിങ്ങനെ ഓരോരുത്തരെ നിയമിക്കയും പിന്നെ വീര്യപ്രവൃത്തികൾ, രോഗശാന്തികളുടെവരം, സഹായം ചെയ്യുവാനുള്ള വരം. പരിപാലന വരം, വിവിധ ഭാഷാ വരം, എന്നിവ നൽകുകയും ചെയ്തു. [29]എല്ലാവരും അപ്പൊസ്തലന്മാരോ? എല്ലാവരും പ്രവാചകന്മാരോ? എല്ലാവരും ഉപദേഷ്ടാക്കന്മാരോ? എല്ലാവരും വീര്യ പ്രവൃത്തികൾ ചെയ്യുന്നവരോ? [30]എല്ലാവർക്കും രോഗശാന്തിക്കുള്ള വരം ഉണ്ടോ? എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നുവോ? [31]എല്ലാവരും വ്യാഖ്യാനിക്കുന്നുവോ? ശ്രേഷ്ഠ വരങ്ങളെ വാഞ്ഛിപ്പിൻ; ഇനി അതിശ്രേഷ്ഠമായോരു മാർഗം ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം.**

വ്യക്തിപരമായ ഉത്തരവാദിത്വത്തോടുകൂടിയാണ് ക്രിസ്തുവിന്റെ സഭയുടെ ഐക്യം ആരംഭിക്കുന്നത്. ദൈവം തന്റെ സഭയുടെ കെട്ടുപണിക്കായി കൊരിന്ത്യയിലെ ചില സഹോദരങ്ങൾക്ക് ആത്മിയ വരങ്ങൾ നൽകിയിരുന്നു. എങ്ങനെയായാലും, സഭയുടെ ഐക്യത വ്യക്തികളുടേയും ഇടവകകളുടേയും നിലവാരത്തിൽനിന്നും അപ്പുറമായിരുന്നു. എല്ലാ ഇടവകകളും തങ്ങളെ വീണ്ടെടുത്ത ക്രിസ്തുവിൽ ചേർന്നിരുന്ന് പ്രവർത്തിക്കണം. പ്രത്യേക സ്ഥലത്തു താമസിക്കുന്നവരും ഇടവകകളും തമ്മിൽ വേർതിരിക്കുന്ന ഒരു മാർഗരേഖ അപ്പൊസ്തലൻ വരച്ചിരുന്നില്ല. ക്രിസ്ത്യാനികൾ അവരുടെ വരങ്ങളും താലന്തുകളും സഭക്കായി ഉപയോഗിക്കുന്നതിനെ കുറിച്ചായിരുന്നു പൗലൊസിന്റെ ചിന്ത. അവയെ ശരിയായി മനസിലാക്കാതിരുന്നവർ അവയുടെ എരിവ് നഷ്ടപ്പെടുത്തി. ഓരോരുത്തരും, താന്താന്റെ താലത്ത് ഉപയോഗിച്ച് മറ്റുള്ളവരുടെ താലന്തുകളെ മാനിച്ച് ദൈവത്തെ മഹത്വപ്പെടുത്തണം എന്നതാണ് ദൈവേഷ്ടം.

**വാക്യം 27.** സ്ത്രീക്ക് ആയാലും, പുരുഷന്ന് ആയാലും ദൈവം നൽരിയ താലന്തുകൾ **ക്രിസ്തുവിന്റെ ശരീര**ത്തിന്റെ ക്ഷേമത്തിന്–വേണ്ടി ഉപയോഗിക്കണം. ശരീരത്തിലെ ഓരോ അവയവവും യോജിച്ച് പ്രവർത്തിച്ചില്ലെങ്കിൽ, ഒന്നും നടക്കുകയില്ല. ശരീരം എന്നു പറയുന്നത് മറ്റൊന്ന് അല്ല. ശരീരത്തിലെ ഓരോ അവയവവും, മറ്റു അവയവങ്ങളെ മാനിച്ച് വേണം ഒരു യൂണിറ്റ് ആയി

പ്രവർത്തിക്കുവാന്. സഭയിലെ **വ്യക്തികളായ ക്രിസ്ത്യാനികൾ** ഓരോന്ന് ചെയ്യുമ്പോൾ, സഭയാണ് പ്രവർത്തിക്കുന്നത്. വ്യക്തികളെ ശരീരത്തോട് ദൈവം ചേർത്തിരിക്കുന്നത്, സഭയായി പ്രവർത്തിക്കുവാനാണ്, സഭയ്ക്ക് പുറത്തുള്ള പ്രവർത്തനം ദൈവം അംഗീകരിക്കുന്നില്ല. "ക്രിസ്തു വേണം," "സഭ വേണ്ട" എന്ന നയം ദൈവികം അല്ല, പൗലൊസ് അതിനെ അംഗികരിച്ചുമില്ല. തന്റെ ശരീരത്തോട്, "അതെ" എന്നു പറയാതെ, ഒരു "അതെ" എന്നും "അല്ല" എന്നും പറയുന്നത് ക്രിസ്തു അംഗീകരിക്കുന്നില്ല. അദ്ധ്യക്ഷാധിപത്യ ക്രമമല്ല ഒരു കെട്ടിം പണിക്ക് ആവശ്യം. സഭ എന്നത്, ദൈവജനമായി ആരാധിക്കയും, പൊതുവായ സേവനത്താൽ ദൈവത്തെ സാമൂഹ്യമായി മഹത്വപ്പെടുത്തുകയാണ്.

**വാക്യം 28**. പ്രാദേശിക ക്രിസ്ത്യാനികളുടെ കൂട്ടതെയാണ് പലപ്പോഴും **സഭ** എന്നു വിളിക്കുന്നത്. സാർവ്വ ലൗകിക വിശ്വാസ സമൂഹത്തെയും സഭ എന്നു വിളിക്കാം. ഈ സന്ദർഭത്തിൽ പൗലൊസ് ഉപയോഗിച്ച τῇ ἐκκλησίᾳ, സഭ (ടെ *എക്ലേസിയ*, "സഭ") പ്രയോഗം സൂചിപ്പിക്കുന്നത്, പിന്നീട് പറയുന്ന ആത്മിയ വരങ്ങൾ പ്രാദേശികമായി മാത്രമല്ല, സാർവ്വദേശിയമായി ഉപയോഗിക്കുവാനായി നൽകിയവയായിരുന്നു. അപ്പൊസ്തലത്വത്തോടൊപ്പം അവർക്ക് രോഗ ശാന്തി വരവും പ്രവർത്തിക്കുവാൻ നൽകിയിരുന്നു. അപ്പൊസ്തല സ്ഥാപനം അധികാരത്തെയാണ് സൂചിപ്പിക്കുന്നത് (മത്താ. 28:16-20). എല്ലാ സ്ഥലത്തും പ്രവർത്തിപ്പാനും പ്രബോധിപ്പാനുമായിരുന്നു **അപ്പൊസ്തലന്മാ**രെ നിയമിച്ചത്. സഭയുടെ പ്രത്യേക ദൗത്യത്തിനായി പുരുഷന്മാരിൽ നിന്നു തിരഞ്ഞെടുത്ത് അയക്കപ്പെട്ടവരായിരുന്നു അപ്പൊസ്തലന്മാർ (പ്രവൃ. 14:14[16]).തന്റെ ഉയർത്തെഴുന്നേൽപിന്ന് സാക്ഷികളാവാൻ ക്രിസ്തു തിരഞ്ഞെടുത്ത പന്തിരുവരെയും അപ്പൊസ്തലന്മാർ എന്നാണ് വിളിച്ചിരുന്നത്. അധികാരത്തോടുകൂടെയാണ് പന്ത്രണ്ട് അപ്പൊസ്തലന്മാരെയും ക്രിസ്തു അയച്ചത് (മർ. 16:14-18). പന്തിരുവർക്ക് ക്രിസ്തു നൽകിയ അതേ ദൗത്യവും അധികാരവുമായിരുന്നു പൗലൊസിനും നൽകിയത് (1 കൊ. 15:9; ഗലാ. 1:11, 12).

**പ്രവാചകന്മാരും**, അപ്പൊസ്തലന്മാരോടൊപ്പം, സഭയെ നടത്തുവാനും, ഉപദേശിപ്പാനും ദൈവശ്വാസിയമായി ഉപയോഗിക്കപ്പെട്ടവരായിരുന്നു. എന്നാൽ അപ്പൊസ്തലന്മാരുടെ അധികാരത്തേക്കാൾ അൽപം താഴ്ന്നതായിരുന്നു പ്രവാചകന്മാരുടേത്. ദൈവം നിയമിച്ചവരിൽ ആദ്യം വരുന്നത് അപ്പൊസ്തലന്മാരും, രണ്ടാമതായിട്ടാണ് പ്രവാചകന്മാർ വരുന്നത് (12:28, 29; എഫെ. 2:20; 3:5; 4:11). ചില ഇടവകകളിൽ അപ്പൊസ്തലന്മാരോ പ്രവാചകന്മാരോ ഉണ്ടായെന്ന് വരികയില്ല. ആത്മിയ വരം ലഭിച്ച് അത്തരം ദൗത്യങ്ങളിൽ ഏർപ്പെട്ടവർ ലോകമെങ്ങുമുള്ള സഭയിൽ അവ ഉപയോഗിക്കണമെന്നാണ് അപ്പൊസ്തലൻ പറയുന്നത്. പ്രവാചകന്മാർ ഒരുപക്ഷെ ഒരു ഇടവകയിൽ തന്നെ പ്രവർത്തിച്ചിരിക്കാം, അല്ലെങ്കിൽ, അവർ ഒരു ഇടവകയിൽ നിന്നു മറ്റൊന്നിലേക്ക് സഞ്ചരിച്ച് പ്രവർത്തിച്ചിരിക്കാം. അപ്പൊസ്തലന്മാരെയും, പ്രവാചകന്മാരെയും, മറ്റുള്ള ഭാരവാഹികളെയും അവരവരുടെ "ദൗത്യ" നിർവ്വഹണത്തിനായി ക്രിസ്തു തന്നെയാണ് അവന്റെ സഭയിൽ നിയമിച്ചത് (എഫെ. 4:11). ക്രിസ്തുവിന്റെ പ്രവൃത്തികളും ആത്മാവിന്റെ പ്രവൃത്തികളും തമ്മിൽ വ്യത്യാസം ഉള്ളതായി ജാതികളുടെ അപ്പൊസ്തലൻ പറഞ്ഞില്ല.

അത്മിയ വരങ്ങൾ നൽകി, ദൈവം സഭയിൽ **ഉപദേഷ്ടാക്കന്മാരെയും** നിയമിച്ചു (എഫെ. 4:11; യാക്കൊ. 3:1 നോക്കുക). എല്ലാ ഇടവകകളിലും ഉപ

ദേഷ്ടാക്കന്മാർ ഉണ്ടായിരുന്നു എന്നു കരുതാം. അവർ സഭയിൽ തികച്ചും ആവശ്യമായിരുന്നു. അവർക്ക് അത്ഭുത ശക്തി ആധികാരികമായി നൽകാതെ മൂന്നാമതായിട്ടാണ് നിയമിച്ചത്. മുൻപ് പൗലൊസ് ആത്മിയ വരങ്ങളുടെ ഒരു ലിസ്റ്റും തരം തിരിച്ച് നൽകിയിരുന്നു. ഇന്ന് സഭയിൽ അത്ഭുതകരമായി ആത്മിയ വരങ്ങൾ പ്രവർത്തിക്കുന്നതും സ്വാഭാവികമായ താലന്തുകൾ ഉപയോഗിക്കുന്നതു സംബന്ധിച്ച് പല ചോദ്യങ്ങളും ഉയർന്നിട്ടുണ്ട്. ക്രിസ്ത്യാനികൾ സഭാപ്രവൃത്തികൾക്കായി തങ്ങളെതന്നെ സമർപ്പിക്കപ്പെട്ടവരാണ്. പ്രവർത്തനങ്ങളിൽ വ്യത്യാസം പൗലൊസ് കാണിച്ചില്ല. വ്യക്തികളായി ക്രിസ്ത്യാനികൾ ഉപയോഗിക്കുന്ന വരങ്ങൾ സ്വാഭാവികമായാലും, അത്ഭുതകരമായാലും, അവർ ചെയ്യുന്നത് സഭക്കു വേണ്ടിയാണ്. ചില ഉപദേഷ്ടാക്കന്മാർക്ക് ചോദ്യം ചെയ്യപ്പെടാനാവാത്ത അത്ഭുതവരങ്ങൾ ലഭിച്ചിരുന്നു, മറ്റുള്ളവർക്ക് അതേ സമയം ലഭിച്ചിരുന്നുമില്ല.

ചില ക്രിസ്ത്യാനികൾക്ക് അത്ഭുത ശക്തി ആത്മാവിനാൽ നൽകപ്പെട്ടു-**അത്ഭുതങ്ങൾ** ചെയ്തവർ-**രോഗശാന്തി വരങ്ങളും**-വിസ്തൃതമായി ചെയ്തിരിക്കാം. 12:28 ൽ അടുത്തു വരുന്ന രണ്ട് വരങ്ങൾ അത്ഭുതകരമല്ലാത്തവ ആയിരിക്കാം. ആദ്യത്തെ **സഹായം** (ἀντιλήμψεις, *ആന്റിലെംസെയിസ്*); ("സഹായിക്കൽ"; എൻഐവി) പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത്. ശരീരത്തിനുള്ളിലും, ശരീരത്തിനു പുറത്തും ഉള്ളവരെ സഹായിക്കുന്നതിനെയാണ് അത് ഉദ്ദേശിക്കുന്നത്. ചിലർക്ക് മറ്റുള്ളവരെ പ്രത്യേക സാഹചര്യങ്ങളിൽ സൽപ്രവൃത്തികൾ ചെയ്യുവാനുള്ള വരം ആത്മാവ് നൽകിയിരിക്കുന്നു. അടുത്ത വാക്ക് **അനുശാസനം** (κυβερνήσεις, *കുബെർനെയിസ്*). എന്നതും പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത്. സഭായോഗം എവിടെ എങ്ങനെ നടത്തണം എന്ന് അദ്ധ്യക്ഷന്മാർ പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനെയാണ് ആ വാക്ക് സൂചിപ്പിക്കുന്നത്. എല്ലാവരും ആഗ്രഹിക്കത്തക്കതായ ഈ വരം പൗലൊസ് തന്റെ ലിസ്റ്റിൽ അവസാനമായിട്ടാണ് ഇത് പറഞ്ഞിരിക്കുന്നത്. **അന്യഭാഷാവരം**, പ്രത്യേകമായി ഉയർന്ന ഒന്നായി (12:10 നോക്കുക) കാണാതിരിക്കുവാനാണ് അപ്പൊസ്തലൻ ഉപദേശിച്ചത്.

**വാക്യം 29**. പിന്നീട്, 12:29, 30 വാക്യങ്ങളിലെ നിഷേധ ചോദ്യങ്ങൾക്ക് μή (*മെ*), പൗലൊസ് നിഷേധ ഉത്തരമാണ് പ്രതീക്ഷിക്കുന്നത്. ഗ്രീക്ക് ഗ്രാമറിൽ ഊന്നൽ കൊടുത്ത് എൻഎഎസ്ബിയിൽ, തർജിമ ചെയ്തിരിക്കുന്നത്, **എല്ലാവരും അപ്പൊസ്തലന്മാരാണോ, അല്ലല്ലൊ?** എന്നാണ്. മറ്റു ചോദ്യങ്ങളും അതേ രീതിയിൽ തന്നെയാണ് തർജിമ ചെയ്തത്. അപ്പൊസ്തലത്വം, അന്യഭാഷാ, രോഗശാന്തീ എന്നീ വരങ്ങൾ മറ്റുള്ളവർക്ക് ലഭിച്ചതിൽ കൊരിന്ത്യയിലുള്ളവർക്ക് സന്തോഷിക്കുവാൻ കഴിഞ്ഞില്ല. സഭയുടെ വളർച്ചക്ക് അംഗങ്ങൾക്ക് വിവിധ വരങ്ങൾ അന്ന് ആവശ്യമായിരുന്നു. ദൈവം അവന് അല്ലെങ്കിൽ അവർക്ക് കൊടുത്ത വരത്തിൽ മറ്റുള്ളവർ സംതൃപ്തരാകേണ്ടിയിരുന്നു. മറ്റുള്ളവർക്ക് ലഭിച്ച വരം എനിക്ക് ലഭിച്ചില്ലല്ലൊ എന്നു ആരും വിചാരിക്കരുതായിരുന്നു. പൗലൊസിന്, അപ്പൊസ്തല അധികാരത്തോടൊപ്പം കൊടുത്ത വരങ്ങൾ അതാതു സന്ദർഭങ്ങളിൽ ഉപയോഗിക്കുവാനായിരുന്നു (1 കൊ. 14:18; 2 കൊ 12:12). തനിക്ക് ലഭിച്ച ആത്മിയ വരങ്ങളായാലും, കഴിവുകളായാലും, അവ ഒരു മാതൃകയായി, കൊരിന്ത്യയിലെ ആളുകൾ സ്വീകരിക്കുവാനും സഭയിൽ പകർത്തുവാനുമായിരുന്നു അവൻ ആഗ്രഹിച്ചത്.

**വാക്യം 30**. നവീന ചോദ്യങ്ങൾ തുടരുമ്പോൾ, നിഷേധ ചോദ്യങ്ങൾക്കുള്ള

ഉത്തരങ്ങൾ നിഷേധരൂപത്തിൽ തന്നെയായിരുന്നു. എല്ലാ അംഗങ്ങൾക്കും ഒരേ വരം ആയിരുന്നില്ല ലഭിച്ചത്. അങ്ങനെയായിരുന്നു എങ്കിൽ സഭ ബലഹീനമായി തീരുമായിരുന്നു. ശരീരത്തിലെ അംഗങ്ങളെല്ലാം സ്വതന്ത്രരായിരുന്നു. ശരീരത്തിന്റെ മൊത്തം അനുഗ്രഹത്തിനായി, മറ്റുള്ളവർക്ക് ലഭിച്ച വരങ്ങളിൽ ക്രിസ്ത്യാനികൾ സന്തോഷിക്കയായിരുന്നു വേണ്ടത്. വരം ഏതായാലും (അന്യഭാഷയായാലും, സഹായിക്കുന്നതായാലും, അനുശാസനം) ആയാലും സഹോദരങ്ങൾ അന്യോന്യം അസൂയപ്പടരുതായിരുന്നു. മറ്റുള്ളവർക്ക് ലഭിച്ച വരം തനിക്ക് ലഭിച്ചില്ല എന്ന കാരണത്താൽ ആരും നിരാശപ്പെടേണ്ടതില്ല. എല്ലാവരും അന്യഭാഷയിൽ സംസാരിച്ചില്ല, എല്ലാവർക്കും രോഗശാന്തി വരുത്തുവാനോ, എല്ലാവർക്കും അത്ഭുത പ്രവൃത്തികൾ ചെയ്യുവാനോ കഴിഞ്ഞില്ല 12:10 ലേതുപോലെ, **അന്യഭാഷ** സംസാരിക്കുമ്പോൾ, വ്യാഖ്യാനി വേണം. വ്യാഖ്യാനത്തിലേക്ക് അവൻ തിരിച്ച് വരുന്നത് അദ്ധ്യായം 14 ലാണ്.

**വാക്യം 31.** അദ്ധ്യായം വേർതിരിക്കുന്നത് സ്വാഭാവികമായി 12:31 ന്റെ മദ്ധ്യത്തിലാണ്. **ശ്രേഷ്ഠ വരങ്ങളെ വാഞ്ഛിപ്പിൻ**. പരിശുദ്ധാത്മാവിനാൽ നൽകപ്പെടുന്ന വരങ്ങൾ പ്രശംസനീയമത്രെ. ഒറ്റ നോട്ടത്തിൽ പൗലൊസ് പറയുന്നത് അസാധാരണമായി തോന്നിയേക്കാം, കാരണം 12:7–11 വരെ അവൻ പറഞ്ഞത്, ആത്മാവ് ഇഛിക്കുന്നതുപോലെയാണ് ഓരോരുത്തർക്ക് അതതു വരം പകുത്തു കൊടുക്കുന്നത് എന്നാണ്. ശരിയായ രീതിയിൽ ഉപയോഗിക്കുവാൻ അന്വേഷിക്കുന്നവർക്കായിരിക്കാം കൊരിന്തിൽ ആത്മീയ വരങ്ങൾ നൽകപ്പെട്ടത്. ഒരു ക്രിസ്ത്യാനി, സഭയിൽ സേവിക്കുവാനായി, ഏതെങ്കിലും വരം വേണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ച് അപേക്ഷിക്കുന്നയാൾക്ക് ആത്മാവ് ആ വരം നൽകുമായിരിക്കാം. ഈ വരങ്ങളെ കുറിച്ച് ചർച്ച ചെയ്ത ശേഷം പൗലൊസ് ആ സഹോദരങ്ങളോട് **അതിശ്രേഷ്ഠ വരത്തിനാ**യി വാഞ്ഛിപ്പിൻ എന്നാണ് പറയുന്നത്.

സഹോദരപ്രീതിയിൽ ശ്രുശ്രൂഷിപ്പാനാണ് ശ്രേഷ്ഠ വരത്തിനായി ആഗ്രഹിപ്പാൻ എന്നു പൗലൊസ് പറഞ്ഞത്. ആ വീക്ഷണത്തിൽ വരങ്ങൾ ഉപയോഗിക്കുവാൻ കൊരിന്ത്യയിലെ സഹോദരങ്ങൾ വിട്ടുപോയി (8:1; 16:14), അതായത് സ്നേഹത്തിൽ ഉപയോഗിക്കുവാൻ. എല്ലാവർക്കും ലഭ്യമാകുന്ന വിധത്തിൽ ആ വരം തുറന്നു വെക്കുവാനാണ് പൗലൊസ് ആഗ്രഹിച്ചത്.

## പ്രായോഗികത

### "അതാ പോകുന്നു ക്രിസ്തുവിന്റെ സഭ"

തൊട്ടടുത്ത ഫ്ളാറ്റിലെ ഒരു വൃദ്ധയും സാധുവുമായ സ്ത്രീയെ സന്ദർശിക്കുവാൻ ഒരു ഉപദേഷ്ടാവിനോട് ഒരിക്കൽ ആവശ്യപ്പെട്ടു. അദ്ദേഹം അവിടെ പോയി. അവൾ മുടന്തുള്ള സ്ത്രീയായിരുന്നു. ഒരു സ്നേഹിതൻ കുറെ സാധനങ്ങൾ അവർക്ക് കൊടുക്കുവാനായി ഏൽപ്പിച്ചിരുന്നു. അവർക്ക് തനിച്ച് പുറത്തുപോകുവാൻ കഴിയുകയില്ല. ഉപദേഷ്ടാവ് നല്ലൊരു സമയം അവിടെ ചെലവിട്ടു അവർക്കു പറയുവാനുള്ളതെല്ലാം അദ്ദേഹം കേട്ടു. വാച്ചിൽ നോക്കി സമയം ആയപ്പോൾ, അദ്ദേഹം അവരോട് യാത്ര പറഞ്ഞു പുറത്തേക്ക് ഇറങ്ങി തന്റെ കാറിനടുത്തേക്ക് നീങ്ങിയപ്പോൾ, അവിടെ കളിച്ചുകൊണ്ട് നിന്നിരുന്ന ഒരു കുട്ടിയെ പരിചയമുള്ളതായി തോന്നി.

നോക്കിയപ്പോൾ അവൻ ആരാധനക്ക് അവന്റെ ആന്റിയുമായി വന്നിരുന്ന

തായി ഉപദേഷ്ടാവ് ഓർത്തു. ആ കുട്ടി മറ്റുകുട്ടികളോടായി പറഞ്ഞു, "അതാ ക്രിസ്തുവിന്റെ സഭ പോകുന്നു." അവിടെ ചെന്ന് "ഞാൻ ക്രിസ്തുവിന്റെ സഭയല്ല" എന്ന് അവനോടും അവന്റെ കൂട്ടുകാരോടും പറഞ്ഞാലോ എന്ന് ചിന്തിച്ചു,–പക്ഷെ പറഞ്ഞാലും അവർക്ക് അത് മനസിലാകുകയില്ല എന്നു കരുതി അതിന് മുതിർന്നില്ല.

എങ്ങനെയായാലും, ആ ഉപദേഷ്ടാവിന്റെ മനസിൽനിന്ന് ആ വാക്കുകൾ മാഞ്ഞു പോയില്ല. നിഷ്ക്കളങ്കരായ കുട്ടികളുടെ വായിൽനിന്നു പുറപ്പെട്ട വാക്കുകളെ കുറിച്ച് തുടർച്ചയായി ചിന്തിക്കുകയായിരുന്നു. താൻ "ക്രിസ്തുവിന്റെ സഭ" അല്ലെങ്കിൽ പിന്നെ താൻ ആരാണ്? ഉടവക മൊത്തമായി ആ സ്ത്രിയെ സന്ദർശിക്കുന്നതാണോ ക്രിസ്തുവിന്റെ വേല? അതോ മൂപ്പന്മാരുടെ അംഗീകാരത്തോടുകൂടെ പ്രവർത്തിക്കുന്നതാണോ ശരി? "അതാ ക്രിസ്തുവിന്റെ സഭ പോകുന്നു" എന്ന് ആ കുട്ടി പറഞ്ഞത് ശരിയായിരിക്കാം.

ഉപദേഷ്ടാവിന്റെ മനസിൽ ആ കുട്ടിയുടെ പ്രസ്താവന മായാതിരുന്നു. ആ കുട്ടിതൾ തന്നെ കണ്ടപ്പോൾ അവർക്ക് തന്നെ കുറിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ പറയാമായിരുന്നു. ശരിയല്ലാത്ത ഒരു മാസിക വായിച്ചുകൊണ്ടിരുന്ന വ്യക്തിയെ നോക്കി "ആ മനുഷ്യൻ ക്രിസ്തുവിന്റെ സഭക്കാരൻ" ആണെന്ന് തന്നെ കുറിച്ച് പറഞ്ഞില്ലല്ലൊ എന്ന് ആശ്വസിച്ചു. ആ മനുഷ്യൻ പോയപ്പോൾ മദ്യത്തിന്റെ ഗന്ധം അടിക്കുന്നു എന്ന് തന്നെ കുറിച്ച് പറഞ്ഞില്ലല്ലൊ എന്നു തന്നോടു തന്നെ പറഞ്ഞു. ആകർഷിക്കത്തക്ക ഒരു യുവതിയെ സന്ദരർശിപ്പാൻ ഉപദേഷ്ടാവ് പോവുകയോ, ആ പ്രായമായ സ്ത്രീയെ കവർന്നെയടുക്കുവാനോ, ചൂഷണം ചെയ്യുവാനോ പോയെന്നോ, അല്ലെങ്കിൽ ഉപദേഷ്ടാവ് തന്റെ നിലനിൽപിനായി നുണ പറയുന്നതായോ ആ കുട്ടികൾ അഭിപ്രായപ്പെട്ടില്ലല്ലൊ എന്ന് ആശ്വസിച്ചു.

ആ കുട്ടികൾ ഉപദേഷ്ടാവിനെ കണ്ടത്, നടക്കുവാൻ കഴിയാത്ത, സാധുവായ വൃദ്ധ ഒറ്റക്കായിരിക്കുമ്പോൾ, അവരെ സന്ദർശിച്ച ഉപദേഷ്ടാവിനെ നോക്കിയാണ് കുട്ടി "അതാ ക്രിസ്തുവിന്റെ സഭ പോകുന്നു" എന്നു പറഞ്ഞത്. ഉപദേഷ്ടാവിന്റെ സന്ദർശനം ആ സ്ത്രീക്ക് അൽപം ഊർജം പകർന്നു കിട്ടി, അവരുടെ ഉള്ളം ഒന്നു തണുത്തു. അപ്പോൾ ഉപദേഷ്ടാവിന്റെ മനസിലേക്ക് പൗലൊസൊസിന്റെ വാക്കുകൾ കടന്നു വന്നു, "ശരീരം ഒന്നും അതിന്നു അവയവം പലതും ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവും ആകുന്നു" (12:12); "എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു" (12:27). ഉപദേഷ്ടാവ് തന്നെത്താൻ ഒന്നു പുഞ്ചിരിച്ചു. ആ കുട്ടി കണ്ടത് ക്രരിസ്തുവിന്റെ ശരീരത്തിന്റെ പ്രതിനിധിയെയാണ്. ക്രിസ്ത്യാനികളുടെ പ്രവൃത്തികൾ നല്ലതായാലും മോശമായാലും, അറിയപ്പെടുന്നത് ക്രിസ്തുവിന്റെ സഭയുടെ പ്രവൃത്തിയായിട്ടാണ്.

## വിശ്വാസികളുടെ ഒരു സമൂഹം

സിദ്ധാന്തത്തിൽ, ഒരാൾ ഒരു ദ്വീപിൽ ഒറ്റപ്പെട്ടുപോയാൽ, മറ്റുള്ളവരില്ലാതെ എങ്ങനെ ആരാധിക്കും? ആ സാഹചര്യം വിരളമായി മാത്രം സംഭവിക്കാവുന്നതാണ്. ദൈവത്തെ ആരാധിക്കുന്നതിനെ കുറിച്ച് ബൈബിൾ എന്തു പറയുന്നു? ബൈബിളിൽ ഉടനീളം സംസാരിക്കുന്ന നമസ്ക്കാരം എന്ന വിഷയം ഒരു സമൂഹമായി ചെയ്യുന്നതായിട്ടാണ് വിവരിക്കുന്നത്. അബ്രഹാമും

പിൻഗാമികളും ദൈവത്തെ സേവിച്ചത് കുടുംബമായിട്ടായിരുന്നു. കുടുംബത്തിലെ ഓരോ അംഗവും ചെയ്തത് കുടുംബത്തിന്റെ മൊത്തം പ്രയോജനത്തിനായിരുന്നു. യോർദ്ദാൻ താഴ്വരയിലെ സമതല പ്രദേശത്തേക്ക് ലോത്തും കുടുംബവും മാറിയപ്പോൾ (ഉല്. 13:10), ഫലം വിപത്തായി തീർന്നു. തന്റെ സഹോദരനെ രക്ഷിക്കുവാനായി അബ്രഹാമിനോടുകൂടെ ഉണ്ടായിരുന്ന 318 പുരുഷന്മാരും ഒത്തൊരുമിച്ചിരുന്നു (ഉല്. 14:14). പിതാക്കന്മാരുടെ കുടുംബ സമൂഹത്തെ വിപൂലീകരിച്ചതായിരുന്നു യിസ്രായേൽ ദേശം. 1 കൊരിന്ത്യർ 12 ലെ പൗലൊസിന്റെ പ്രബോധനം വ്യക്തമാക്കുന്നത്, ബൈബിൾ ഉടനീളം ആ വിപുലീകരണം വ്യാപിക്കുന്നു എന്നാണ്. ദൈവജനം ഒരു സമൂഹമായി അന്യോന്യം സ്നേഹിക്കയും കരുതുകയും ആരാധിക്കുകയും ചെയ്യുന്നു.

സമൂഹം എന്ന ആശയത്തെ വ്യക്തമാക്കുവാനായി മനഷ്യശരീരത്തെ ചിത്രികരിക്കുകയും സാദൃശമായി ഉപയോഗിക്കയും ചെയ്തിരിക്കുന്നു. ജനങ്ങളാണ്, ഗ്രാമങ്ങളും, പട്ടണങ്ങളും, നാടുകളും, ദേശങ്ങളും, രാജ്യങ്ങളുമായി അറിയപ്പെടുന്നത്. എല്ലാവരും ലക്ഷ്യമിടുന്നത് മൊത്തത്തിൽ സമൃദ്ധിയാണ്. ഒരു വ്യക്തിയുടെ പ്രവർത്തനം പൊതു പ്രയോജനത്തിനാണെന്ന് കാണിക്കുവാൻ ശരീരത്തിന്റെ വൈവിധ്യത്തിൽ ഏകത്വം ബോധ്യമാക്കുവാൻ പൗലൊസ് മാത്രമല്ല ശ്രമിച്ചിട്ടുള്ളത്. ഗ്രീക്ക്-റോമാ ലോകത്തെ തത്വചിന്തകരും, പ്രാസംഗികരും പൊതുവായ പ്രവർത്തനത്തെ കുറിച്ച് വിവരിക്കുവാൻ ശരീരത്തിന്റെ പ്രവർത്തനത്തെ എടുത്ത് വിവരിച്ചിട്ടുണ്ട്. ഇടവക എന്ന നിലയിൽ സഭാ പ്രവർത്തനങ്ങളെ ചിത്രീകരിക്കുവാനും ശരീരത്തെ എടുത്തു കാണിക്കുന്നു. അത് ഇങ്ങനെയാണ്,

*ഓരോ ക്രിസ്ത്യാനിക്കും വ്യക്തിപരമായി കൊടുത്ത ദൗത്യമാണ് ഭൂലോകത്തിൽ ഒക്കെയും പോയി സുവിശേഷം പ്രസംഗിക്കയും സകല ജാതികളെയും ശിഷ്യരാക്കി കൊൾവിൻ എന്നത്* (മർ. 16:15). ആ ദൗത്യം പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ട ഉപദേഷ്ടാക്കന്മാർക്കോ, പുരോഹിതന്മാർക്കോ, മൂപ്പന്മാർക്കോ അല്ല കൊടുത്തത്.

ദൈവം തന്റെ ജനത്തിന് നൽകിയ ദൗത്യം നിറവേറ്റുവാൻ ഓരോ ക്രിസ്തത്യാനിക്കും സ്ത്രീയായാലും പുരുഷനായാലും വിവിധ കഴിവുകൾ നൽകിയിരിക്കുകയാണ്. ദൈവം ഓരോരുത്തർക്കും നൽകിയ കഴിവുകളെയും മറ്റുള്ളവർക്ക് നൽകിയവയെയും അഭിനന്ദിക്കയും, സന്തോഷിക്കയും ചെയ്യണം. ഓരോരുത്തരും മറ്റുള്ളവരെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. ഒന്നിലധികം കഴിവുകൾ ദൈവം നൽകിയിട്ടുള്ളവർ ഭാഗ്യവാന്മാരാണ്. എന്നാൽ ഓരോരുത്തർക്ക് ദൈവം നൽകിയ താലന്തുകൾ, അസൂയയോ പിണക്കമോ കൂടാതെ, ക്രിസ്തുവിന്റെ സഭക്ക് ഭിന്നത വരുത്താതെ ഉപയോഗിക്കണം.

*അവയവങ്ങൾ പലതാണെങ്കിലും, ശരീരം ഒന്നു തന്നെയാണ്.* ഒരു അവയവത്തിനു മാനം വന്നാൽ, ശരീരം മുഴുവൻ ആ അനുഗ്രഹം ആസ്വദിക്കും. ഒരു അവയവം തന്റെ പ്രവൃത്തി ചെയ്യാതെ പോയാൽ, അതായത്, ഒരു ക്രിസ്ത്യാനി പാപത്തിന് അകപ്പെട്ടാൽ, ശരീരത്തെ മുഴുവൻ അതു ബാധിക്കും.

ശരീരത്തിന്റെ ഭാഗമായി തീർന്നാൽ, പിന്നെ പ്രവൃത്തികൾ തിരഞ്ഞെടുക്കുവാൻ കഴിയാതെ ചെയ്യുക തന്നെ വേണം. സാമൂഹ്യ ജീവിതത്തിന് ആകൃതി നൽകുന്നതിന് അത്യാവശ്യമാണ് സഭായോഗം. ക്രിസ്ത്യാനിയാകുക എന്നാൽ ക്രിസ്തുവിനെ കൈക്കൊള്ളുന്നതിനപ്പുറമാണ്. ദൈവത്തിൽ വിശ്വസിക്കുക എന്നാൽ അവന്റെ കൽപനകൾ പ്രമാണിക്കണം. അതിൽ ഉൾപ്പെ

ടുന്നതാണ് പാപങ്ങളിൽനിന്നു വിട്ടുനിൽക്കയും യേശു ക്രിസ്തു ആണെന്ന് ഏറ്റു പറയുന്നതും, പാപമോചനത്തിനായി സ്നാനം ഏൽക്കുന്നതും. അങ്ങനെയാണ് ഒരാൾ ദൈവഭവനത്തിലാകുന്നത്. ക്രിസ്ത്യാനിയായി ജീവിക്കുക എന്നാൽ ക്രിസ്തുവും അവന്റെ നാമം സ്വീകരിക്കയും മാത്രമല്ല, അതിൽ പ്രോൽസാഹനം, പിന്തുണ, ബാലശിക്ഷ, തിരുത്തൽ എല്ലാം ഉൾപ്പെടുന്നു. സഹായം ആവശ്യമുള്ളവരെ സഹായിക്കയോ പിന്തുണക്കുകയോ ചെയ്യാതെ മറ്റുള്ളവർ ചങ്ങളെ അവഗണിക്കുന്നു എന്നു കുറ്റപ്പെടുത്തുവാൻ ശ്രമിക്കരുത്.

---

കുറിപ്പുകൾ

[1]തലയിൽ മൂടുപടം ഇടുന്നതിനെ 11:3–16 ൽ ചർ ചർച്ച ചെയ്യുന്നത് സഭായോഗത്തെ ബാധിക്കുന്നതായിരിക്കയില്ല. [2]കൊരിന്ത്യൻ സഭക്ക് ക്ലേമന്റ് എഴുതിയ കത്തിൽ, "അസൂയ, പിണക്കം, ജാരശങ്ക, വിഗഭാഗിയത ..." എന്നിവ എടുത്തു പറഞ്ഞിരിക്കുന്നു (ക്ലെമന്റ് ഓഫ് റോം *ഫസ്റ്റ് ക്ലെമന്റ്* 3:2). [3]ഒരു വാക്കിന്റെ പ്രാധാന്യമായി "സെമാന്റിക് ഡൊമെയിൻ" ലിങ്കിസ്റ്റു പറയുന്നു. [4]ആ വാക്കിനെ കുറിച്ച് ഡി. ഏ. കാർസൻ നല്ല ഒരു ചർച്ച നൽകിയിരിക്കുന്നു, *ഷോയിങ് ദ സ്പിരിറ്റ്: ഏ തിയോളജിക്കൽ എക്സ്പൊസിഷൻ ഓഫ് 1 കൊരിന്ത്യർ 12–14* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1987), 19–22. [5]ജാക് കോട്രെൽ, *പവർ ഫ്രം ഓൺ ഹൈ: വാട്ട് ദ ബൈബിൾ സെയിസ് എബൗട് ദ ഹോളിസ്പിരിറ്റ്* (ജോപ്ലിൻ, മോ.: കോളേജ് പ്രസ് പബ്ലിഷിങ് കമ്പനി., 2007), 411. [6]ജെയിംസ് ഗ്രീൻബറി, "1 കൊരിന്ത്യർ 14:34–35; ഇവാല്യേഷൻ ഓഫ് പ്രോഫസി റിവൈസ്ഡ്," *ജേണൽ ഓഫ് ദ ഇവാഞ്ചെലിക്കൽ തിയോളജിക്കല്ഡ സൊസൈറ്റി* 51 (ഡിസംബർ 2008): 724. [7]കൊരിന്ത്യ സഭയിലേയും പ്രവൃത്തി 2 ലേയും അന്യഭാഷ വ്യത്യസ്തമാണെന്നാണ് ലിയോൺ മോറിസ് പറഞ്ഞത് പല വ്യാഖ്യതാക്കൾക്കും അതേ അഭിപ്രായം തന്നെയാണ് ഉള്ളത്. (ലിയോൺ മോറിസ്, *ദ ഫസ്റ്റ് എപിസ്റ്റിൽ ഓഫ് പോൾ, ടു ദ കൊരിന്ത്യൻസ്*, റെവ. എഡി., ദ ടിൻഡേൽന്യൂടെസ്റ്റമെന്റ് കമെന്ററീസ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985], 169.). [8]ഡേവിഡ് ഈ. ഗാർലന്റ്, *1 കൊരിന്ത്യർ*, ബേക്കർ എക്സെജെറ്റിക്കൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ അക്കകാഡമിക്, 2003), 584. [9]റോബർട്ട് എച്ച്. ഗൺട്രി, " 'എക്സ്റ്റാറ്റിക് അട്ടെറൻസ്' (എൻ.ഈ.ബി.)?" *ജേണൽ ഫോർ തിയോളജിക്കൽ സ്റ്റഡീസ്* 17 (1966), 299–307." [10]ജെറോം മർഫി-ഓകോണർ. *സെന്റ് പോൾസ് കൊരിന്ത്:ടെക്സ്റ്റ് ആന്റ് ആർക്കിയോളജി*, 3ഡ് റെവ. ആന്റ് എക്സ്പ്. എഡി. (കോളേജിവിലെ, മിൻ.: ലിറ്റർജിക്കൽ പ്രസ്, 2002), 191.

[11]കോട്രെൽ, 308–9. [12]ലിവി *ഹിസ്റ്റോറിയ* 2.32. [13]എപിക്റ്റേറ്റസ് *ഡിസ്കോഴ്സസ്* 2.5.25–26. [14]മോറിസ്, 173. [15]തോമസ് കാംബെൽ, *ഡിക്ലറേഷൻ ആന്റ് അഡ്രസ്* (സെന്റ്. ലൂയിസ്: മിഷൻ മെസഞ്ചർ, 1978). ഈ രേഖ ഓൺ ലൈനിൽ ലഭ്യമാണ് (സെപ്തംബർ 25, 2015. എച്ച്ടിടിപി/ഡബ്ലിയുഡബ്ലിയുഡബ്ലിയു.ദറെസ്റ്റൊറേഷൻമൂവ്മെന്റ്.കോം/സ്റ്റെയിറ്റ്സ്/ഡബ്ലിയുവി/ഡിക്ലറേഷൻ.എച്ടിഎം.4). കാംബെൽ (1763–1854) 1809 ൽ അവതരിപ്പിച്ചത്. [16]അതേ വാക്ക് "ദൂതന്മാർ" എന്നാണ് 2 കൊരിന്ത്യർ 8:23 ൽ തർജിമ ചെയ്തിരിക്കുന്നത്.